

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-1614 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 06/02/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-1614 /2022 തീയ്യതി: 06/02/2023

ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-07-2021 മുതൽ 17-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-10-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.അനിൽ മാത്യൂ ഐപ്പ്	ഡെപ്യൂട്ടി ഡയറക്ടർ	17-10-2022	22-10-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
17-10-2022	22-10-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി.ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. മെജോ കെ.ജോർജ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. സാമുവൽരാജ് ആർ., അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ജോമോൻ ഫ്രാൻസിസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ജോർജ് പോൾ	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീ. വി.കെ. രാജീവ്	സെക്രട്ടറി	01-04-2021	02-07-2021
ശ്രീമതി മേരി പ്രഭ. എ.ഐ	സെക്രട്ടറി-ഇൻ-ചാർജ്ജ്	02-07-2021	07-07-2021
ശ്രീ. ജെ. ആനന്ദ്	സെക്രട്ടറി	08-07-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി മേരി പ്രഭ എ. ഐ	അസി. സെക്രട്ടറി	01-04-2021	31-03-2022
ശ്രീമതി ജാൻസി ജോൺ	ക്ഷീരവികസന ഓഫീസർ	01-04-2021	31-03-2022
ഡോ.സിബി ജോർജ്	PHC മെഡിക്കൽ ഓഫീസർ	01-04-2021	31-03-2022
ഡോ.പി. നിത്യ	ഹോമിയോ മെഡിക്കൽ ഓഫീസർ	01-04-2021	31-03-2022
ശ്രീ. പി.കണ്ണൻ	ഫിഷറീസ് ഇൻസ്പെക്ടർ	01-04-2021	18-09-2021
ശ്രീ.നൗഷാദ് .ബി	ഫിഷറീസ് ഇൻസ്പെക്ടർ	19-09-2021	31-03-2022
ശ്രീമതി കെ.ശ്രീലത	ഹെഡ്മിസ്ട്രസ് ജി.യു.പി.എസ്	01-04-2003	31-03-2022
ശ്രീ. ശശിമോൻ.പി.കെ	ഹെഡ്മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ	01-04-2021	31-03-2022
ശ്രീ. മനോജ്.കെ	വി ഇ ഒ	01-04-2021	31-03-2022
ശ്രീമതി സിൻസി മാത്യു	അസി.എൻജിനിയർ	01-04-2021	31-03-2022
ശ്രീമതി അമ്പിളി സദാനന്ദൻ	കൃഷി ഓഫീസർ	01-04-2021	20-10-2021
ശ്രീമതി ലിനറ്റ് ജോർജ്	കൃഷി ഓഫീസർ	21-10-2021	31-03-2022
ശ്രീമതി ആലീസ് .എം.ജെ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2021	25-04-2021
ശ്രീമതി. നിഷാമോൾ.വി.എസ്	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	26-04-2021	31-03-2022
ഡോ. ജിഷാ കെ. ജെയിംസ്	വെറ്ററിനറി സർജൻ	01-04-2021	31-01-2022
ഡോ. ശാലിനി വി. എസ്	വെറ്ററിനറി സർജൻ	01-02-2022	31-03-2022
ഡോ. ഹസൻ എം.	ആയുർവ്വേദ മെഡിക്കൽ ഓഫീസർ	01-04-2021	16-07-2021
ഡോ. രമ്യാമോൾ ആർ.	ആയുർവ്വേദ മെഡിക്കൽ ഓഫീസർ	17-07-2021	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	ഗ്രാന്റ് വിനിയോഗം	1-3
4	റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 58.97ശതമാനം മാത്രം - 20.95 ലക്ഷം ലാപ്സായി	1-3-1
5	പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല - വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല	1-3-2
6	പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ - ആസ്തി ബാദ്ധ്യത ശീർഷകത്തിലെ സാധൂകരിക്കുന്ന രേഖകളില്ല	1-3-3
7	ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ	1-3-4
8	പദ്ധതി അവലോകനം	1-4
9	പതിമൂന്നാം പദ്ധതി അവലോകനം	1-4-1
10	തൊഴിലുറപ്പ് പദ്ധതി	1-5
11	ക്ഷേമ പദ്ധതികൾ	1-6
12	ക്യാഷ് പരിശോധന	1-7
13	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-8
14	വാർഷിക ധനകാര്യ പത്രികയുടെ പരിശോധന - പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല	1-9-1
15	ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല	1-9-2
16	ബാങ്ക് അക്കൗണ്ടുകളുമായി ബന്ധപ്പെട്ട അപാകതകൾ	1-9-3
17	സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല	1-9-4
18	നികുതി നികുതിയിതര വരുമാനങ്ങളുടെ ഡി.സി.ബി-രജിസ്റ്ററുകളും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-9-5
19	നികുതി-നികുതിയിതര വരുമാനങ്ങളുടെ ഡിമാന്റ് വാർഷിക കണക്കുകളിൽ യഥാസമയം രേഖപ്പെടുത്തുന്നില്ല	1-9-6
20	സ്ഥാപന തൊഴിൽ നികുതിയുടെ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല - വാർഷിക കണക്കുകൾ തെറ്റായ വിവരം പ്രതിഫലിപ്പിക്കുന്നു	1-9-7
21	ബാധ്യത ശീർഷകങ്ങളിലെ രേഖപ്പെടുത്തലുകളെ സാധൂകരിക്കുന്ന രേഖകളില്ല	1-9-8
22	വിവിധ വരവിനങ്ങളിൽ വൻ കുടിശ്ശിക	1-10
23	നിയമ/ചട്ടത്തിന്റെ പിൻബലമില്ലാതെ വസ്തു നികുതി ഒഴിവാക്കി	1-11
24	കെട്ടിടങ്ങൾക്ക് വസ്തു നികുതിയിൽ അനർഹമായ ഇളവ് അനുവദിച്ചു	1-12
25	വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണയിച്ചു	1-13

26	മൊബൈൽ ടവറുകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിച്ചു	1-14
27	റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല	1-15
28	സ്ഥിര നിക്ഷേപങ്ങൾ യഥാസമയം പുതുക്കാത്തതിനാൽ പലിശ നഷ്ടമാവുന്നു	1-16
29	ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല	1-17
30	വാർഷിക പദ്ധതി - പ്രോജക്ട് തുക തനത് ഫണ്ടിലേക്ക് തിരികെ ക്രമീകരിക്കാനുള്ള സാധ്യത പാഴാക്കി	1-18
31	പ്രൊക്യൂർമെന്റ് മാനദണ്ഡങ്ങൾ പാലിക്കാതെ സാധനങ്ങൾ വാങ്ങുന്നു	1-19
32	മാലിന്യ സംസ്കരണത്തിലെ അശാസ്ത്രീയത	1-20
33	ടെണ്ടർ കുറവ് പരിഗണിക്കാതെ കരാറുകാരന് അധികം തുക നൽകി	1-21
34	നിർവ്വഹിക്കാത്ത/സ്ഥാപിക്കാത്ത ഇനങ്ങൾ എം. ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചു	1-22
35	പ്രോജക്ട് ആസൂത്രണത്തിൽ ഏകോപനമില്ല - പദ്ധതി ഉപേക്ഷിച്ച അവസ്ഥയിൽ	1-23
36	ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല	1-24
37	DSR സ്പെസിഫിക്കേഷനുകൾ സമഗ്രമായി വിലയിരുത്താതെ എസ്റ്റിമേറ്റിൽ ഇനങ്ങൾ ഉൾപ്പെടുത്തുന്നു	1-25
38	മരുന്ന് വാങ്ങൽ പ്രോജക്ടുകൾ - വിതരണ ഏജൻസികൾ ഔഷധങ്ങൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല	1-26
39	നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ വിവരങ്ങളില്ല	1-27
40	SSA വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല	1-28
41	ഭവന പുനരുദ്ധാരണം - മുൻകൂർ കൈറ്റിയ ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം നടത്തിയിട്ടില്ല	1-29
42	അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചു	1-30
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7

8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

17.02.2021-ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച ₹5,865,614/- മുന്നിരിപ്പും ₹308,885,400/- വരവും ₹309,976,340/- ചെലവും ₹4,774,674/- നീക്കിയിരിപ്പും വരുന്ന 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 18.02.2021ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 08.02.2021-ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. എന്നാൽ, സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ, എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 11.02.2022-ലെ നം.2 ശുപാർശയുടെ അടിസ്ഥാനത്തിൽ 24.03.2022-ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച ₹5,865,614/- മുന്നിരിപ്പും ₹308,955,400/- വരവും ₹311,403,535/- ചെലവും ₹3,417,479/- മിച്ചവും വരുന്ന 2020-21 സാമ്പത്തിക വർഷത്തേക്കുള്ള പരിഷ്കരിച്ച ബജറ്റ് കമ്മിറ്റിയുടെ 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. എന്നാൽ, ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ചല്ല ബജറ്റ് പരിഷ്കരിച്ചിട്ടുള്ളത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ

മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. അതിനാൽ, 2020-21-ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻ വർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്യും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2022	05.08.2022	-	-

1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 15(3) പ്രകാരം ഒരു സാമ്പത്തിക വർഷത്തെ കണക്കുകൾ ആ സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനകം ഓഡിറ്റിന് സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ 2022 ജൂലൈ 31-നകം സമർപ്പിക്കേണ്ടിയിരുന്നു. എന്നാൽ, നിശ്ചിത സമയപരിധിയ്ക്ക് ശേഷമാണ് വാർഷിക കണക്കുകൾ സമർപ്പിച്ചിട്ടുള്ളത്.

1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് (₹)	അലോട്ട്മെന്റ്/ വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)	കുറിപ്പ്
വികസന ഫണ്ട്-പൊതുവിഭാഗം	0	28151681	28151681	26004301	0	
വികസന ഫണ്ട്-എസ്.സി.പി	0	3884800	3884800	3420049	0	
വികസന ഫണ്ട്-ടി.എസ്.പി	0	2616200	2616200	2191614	0	
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)	0	8189779	8189779	6295224	1894555	
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	0	15055654	15055654	8847717	6207937	
സംരക്ഷണ ഗ്രാന്റ്-റോഡ്	0	18069242	18069242	16299547	0	
സംരക്ഷണ ഗ്രാന്റ്-റോഡിതരം	0	9963335	9963335	5875438	0	

വിവിധ ഫണ്ടുകൾക്ക് ലഭിച്ച ബജറ്റ് വിഹിതം, അധിക അലോട്ട്മെന്റ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ഫണ്ടിനം	ബജറ്റ് വിഹിതം ₹	അധിക അലോട്ട്മെന്റ് ₹		ആകെ ലഭിച്ച ഫണ്ട് ₹
		2020-21 ക്യാരി ഓവർ (പകുതി)	വോട്ടിംഗ് മെഷീൻ തുക തിരികെ	

വികസനഫണ്ട് (ജനറൽ)	27370000	781681	0	28151681
വികസനഫണ്ട് (SCP)	3476000	408800	0	3884800
വികസനഫണ്ട് (TSP)	2316000	300200	0	2616200
മെയിന്റനൻസ് ഗ്രാന്റ് -റോഡ്	16796000	1273242	0	18069242
മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം	9227000	668700	67635	9963335

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റസിപ്റ്റ് & പേയ്മെന്റ്) വരവ്-ചെലവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

ഫണ്ട്	വിഹിതം ₹	ലൈഫ് ലോൺ ₹	അംഗൻവാടി ഹോണറേറിയം ₹	അക്കൗണ്ട് ചെയ്ത ഫണ്ട് ₹
വികസനഫണ്ട് (ജനറൽ)	28151681	1676753	1007400	25467528
വികസനഫണ്ട് (SCP)	3884800	202618	0	3682182
വികസനഫണ്ട് (TSP)	2616200	85963	0	2530237

1-3-1 റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 58.97ശതമാനം മാത്രം - 20.95 ലക്ഷം ലാപ്സായി

2020-21ലെ ക്യാരി ഓവർ തുക ₹6,68,700/-, വോട്ടിംഗ് മെഷീനായി 2020-21ൽ സ്രോതസിൽ നിന്നും കുറവ് ചെയ്ത ₹67,635/- എന്നിവ ഉൾപ്പെടെ റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹99,63,335/-ൽ 2021-22 സാമ്പത്തിക വർഷം ₹58,75,438/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ കേവലം 58 ശതമാനം മാത്രമാണ് ചെലവ്. ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ സ.ഉ(കൈ)നം.79/2021 നമ്പർ ഉത്തരവ് പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ടിൽ 80 ശതമാനത്തിൽ കുറയാതെ ചെലവഴിച്ചില്ലെങ്കിൽ 80 ശതമാനത്തിൽ കുറവ് വരുന്ന തുക ലാപ്സാകുന്നതാണ്. അനുവദിച്ച ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹20,95,230/- ലാപ്സായി.

അലോട്ട്മെന്റ് ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹	ചെലവ് ശതമാനം	2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹	ലാപ്സായ തുക ₹
9963335	5875438	4087897	58.97	1992667	2095230

1-3-2 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല - വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യ പത്രികയിൽ ചുവടെ കൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ തുകകളുടെ യഥാർത്ഥ വരവ്, തുക നൽകിയ സ്ഥാപനം/ഏജൻസിയുടെ പേര്, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ വ്യക്തമല്ല. ഒരേ ഏജൻസിയുടെ/സ്ഥാപനത്തിന്റെ പേരിൽ പല ശീർഷകങ്ങളിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ജേണൽ എൻട്രികൾ മുഖേന ഒരു ശീർഷകത്തിൽ നിന്നും വ്യക്തമായ

വിവരണം രേഖപ്പെടുത്താതെ മറ്റ് ശീർഷകങ്ങളിലേയ്ക്ക് തുകകൾ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ, ചെലവുകൾ കൃത്യമായി രേഖപ്പെടുത്താതെ വർഷാവസാനം ഒരു ജേണൽ എൻട്രി മുഖേന ഇൻകം ഹെഡിലേയ്ക്കോ മറ്റ് ഹെഡിലേയ്ക്കോ തുക മാറ്റിയിരിക്കുകയാണ്.

ക്രമ നം.	ശീർഷകം	തുക ₹
1	320100121	258381
2	320100199	679469
3	320200319	315000
4	320200322	140000
5	320300199	3039395
6	320700404	1393000
7	320800202	5128557
8	160100901	481005
9	160300101	800000

മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസിയുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുള്ളപക്ഷം വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ ആയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-3-3 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ - ആസ്തി ബാദ്ധ്യത ശീർഷകത്തിലെ സാധൂകരിക്കുന്ന രേഖകളില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യത പത്രിക പരിശോധിച്ചതിൽ 31.03.2022-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

ക്രമ നം.	ശീർഷകം	തുക ₹
1	320100115	248257
2	320100116	53440
3	320100119	770693
4	320100121	844626
5	320100199	679469
6	320100203	14715
7	320100204	16000
8	320200111	1693176
9	320200112	1478212
10	320200307	22000
11	320200322	70000
12	320300199	3759361
13	320700204	105000
14	320700205	1125000

15	320700404	4588000
16	320800199	52500
17	320800202	181540
18	350200301	112176

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസിയുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്.

1-3-4 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി) എന്നിവയുടെ രണ്ട്, മൂന്ന് ഗഡുക്കൾ അനുവദിച്ച വേളയിൽ ലൈഫ് ലോൺ തിരിച്ചടവ് വിഹിതം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സും ഇനം തിരിച്ചും ലഭ്യമല്ല.

1-4 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയ്ക്ക് 2021 ഫെബ്രുവരി മാസം അംഗീകാരം ലഭിച്ചിരുന്നു. 5.74 കോടി രൂപ അടങ്കലിൽ 88 പ്രോജക്ടുകളാണ് 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. പിന്നീട് 2.65 കോടി രൂപ അടങ്കലിൽ 67 സ്പിൽ ഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തി 2021 മെയിൽ പദ്ധതി പരിഷ്കരിച്ചു. കൂടാതെ, ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെയും സംരക്ഷണ ഗ്രാന്റിന്റെയും അധിക വിഹിതം ഉൾപ്പെടുത്തി പുതിയ പ്രോജക്ടുകളും ഏറ്റെടുത്തിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
229	179252333	179	95536203	0	50	78.17

വാർഷിക പദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ	02.02.2021
ഗ്രാമസഭ, ഊരുകൂട്ട യോഗങ്ങൾ	10.02.2021-17.02.2021

വികസന സെമിനാർ	02.02.2021
സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അംഗീകാരം	22.02.2021
ഭരണസമിതിയുടെ അംഗീകാരം	22.02.2021 (1-2)
സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തി ഭരണസമിതിയുടെ അംഗീകാരം	11.05.2021 (1-1)
ഗുണഭോക്തൃ ലിസ്റ്റ് അംഗീകാരം	27.10.2021 (1-1)

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിന് പകരം മുൻവർഷങ്ങളിൽ ചെയ്തത് പോലെ ആവർത്തന സ്വഭാവമുള്ള പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. കുടിവെള്ളം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പോലും പൂർത്തീകരിച്ചിട്ടില്ല.

ഗ്രാമസഭാ യോഗങ്ങൾ 10.02.2021 മുതൽ കൂടിയിട്ടുണ്ട്. ഗ്രാമസഭാ പ്രദേശത്തെ വികസന ആവശ്യങ്ങൾ യോഗത്തിൽ ചർച്ച ചെയ്യുകയോ നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. കരട് പദ്ധതി രേഖയിൽ ഉൾപ്പെട്ട എല്ലാ പ്രോജക്ടുകളും, വാർഡ് അടിസ്ഥാനത്തിലല്ലാതെ, ഒരേ പോലെ എല്ലാ ഗ്രാമസഭാ മിനുട്സിലും രേഖപ്പെടുത്തിയിരിക്കുകയാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ അതേപടി അംഗീകരിക്കുകയാണ് ഉണ്ടായിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതും ഭേദഗതി ചെയ്യുന്നതും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിഗണയ്ക്ക് വരാതെയാണ്.

17.93 കോടി രൂപയുടെ 2021-22 വാർഷിക പദ്ധതിയിൽ 9.55 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിച്ച 229 പ്രോജക്ടുകളിൽ 78.17 ശതമാനമാണ് പൂർത്തീകരിച്ച് സമയബന്ധിതമായി ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്കരിച്ച പ്രോജക്ടുകൾ	നടപ്പാക്കിയ പ്രോജക്ടുകൾ	നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം	അടങ്കൽ (₹)	ചെലവ് (₹)	ചെലവ് ശതമാനം
കൃഷി ഓഫീസർ	14	14	100	6155107	4273958	69.44
വെറ്ററിനറി സർജൻ	8	7	87.5	4937470	3712175	75.18
മെഡിക്കൽ ഓഫീസർ – സി.എച്ച്.സി	8	8	100	4705490	4071711	86.53

മെഡിക്കൽ ഓഫീസർ – ഹോമിയോ	2	2	100	250000	250000	100
മെഡിക്കൽ ഓഫീസർ – ആയുർവ്വേദം	4	4	100	825000	742593	90.01
സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ്	3	2	66.67	3214760	169195	5.26
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	25	17	68	66292943	26418196	39.85
ഐ.സി.ഡി.എസ് സൂപ്പർവൈസർ	11	11	100	7831320	6160909	78.67
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	1	1	100	2818240	2118240	75.16
സെക്രട്ടറി	52	38	73.08	27520419	14586291	53
ഹെഡ്മാസ്റ്റർ – എൽ.പി.എസ്	2	2	100	600000	216220	36.04
അസിസ്റ്റന്റ് എഞ്ചിനിയർ	77	55	71.43	51608717	31163579	60.38
ഹെഡ്മാസ്റ്റർ– യു.പി.എസ്	5	5	100	675000	668989	99.11
അസിസ്റ്റന്റ് സെക്രട്ടറി	17	13	76.47	1817867	984147	54.14
ആകെ	229	179	78.17	179252333	95536203	53.3

പൊതു വിഭാഗത്തിൽ അംഗീകാരം ലഭിച്ച 194 പ്രോജക്ടുകളിൽ 149 എണ്ണവും പട്ടികജാതി വിഭാഗത്തിൽ 20ൽ 17 പ്രോജക്ടുകളാണ് നടപ്പാക്കിയത്. പൊതുവിഭാഗത്തിൽ ചെലവ് 55.93 ശതമാനവും പട്ടികജാതി വിഭഗത്തിൽ ചെലവ് 77.34 ശതമാനവുമാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽ ആവിഷ്കരിച്ച 15ൽ 13 പ്രോജക്ടുകളും നടപ്പാക്കി. പട്ടികവർഗ്ഗ വിഭാഗത്തിൽ ചെലവ് കേവലം 35.79 ശതമാനം മാത്രമാണ്.

വിവിധ മേഖലകളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ, നടപ്പാക്കിയ പ്രോജക്ടുകൾ, നീക്കിവെച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

മേഖല	ആവിഷ്കരിച്ച പ്രോജക്ടുകൾ	നടപ്പാക്കിയ പ്രോജക്ടുകൾ	നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം	അടങ്കൽ (₹)	ചെലവ് (₹)	ചെലവ് ശതമാനം
ഉല്പാദനം	27	24	88.89	17425577	10273568	58.96
സേവനം	132	107	81.06	115026841	56633407	49.23
പശ്ചാത്തലം	70	48	68.57	46799915	28629228	61.17
ആകെ	229	179	78.17	179252333	95536203	53

ഗ്രാമസഭയുടെ അംഗീകാരം തേടാതെയാണ് പുതിയ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളത്. കരട് പദ്ധതി

രേഖയിലും അന്തിമ പദ്ധതി രേഖയിലും ഉൾപ്പെടാത്ത പ്രോജക്ടുകളാണ് പദ്ധതി ഭേദഗതികൾ വഴി ഏറ്റെടുത്തിട്ടുള്ളത്. 2021 ഫെബ്രുവരിയിൽ തന്നെ 2021-22 വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങളിൽ വരുന്ന കാലതാമസം കാരണമാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വരുന്നത്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തി പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടില്ല. കാർഷിക മേഖലയിലെ പദ്ധതി നിർവ്വഹണം യഥാസമയം (സെപ്റ്റംബർ/ഒക്ടോബർ മാസങ്ങൾ) ആരംഭിക്കാത്തത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുകയും ആവശ്യമായ തുടർ നടപടികൾക്ക് ശുപാർശ ചെയ്യുകയും ചെയ്തെങ്കിലും സമയബന്ധിതമായി പ്രോജക്ടുകൾ ആരംഭിച്ചില്ല.

1-4-1 പതിമൂന്നാം പദ്ധതി അവലോകനം

77.12 കോടി അടങ്കലിൽ 1270 പ്രോജക്ടുകളാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ചത്. 815 പ്രോജക്ടുകളിലായി 40.83 കോടി രൂപ ചെലവഴിക്കുന്നതിന് പദ്ധതി കാലയളവിൽ ഗ്രാമപഞ്ചായത്തിന് സാധിച്ചു. ആവിഷ്കരിച്ച പ്രോജക്ടുകളുടെ 64.17 ശതമാനവും നടപ്പാക്കുന്നതിന് സാധിച്ചെങ്കിലും പദ്ധതി ചെലവ് കേവലം 52.95 ശതമാനം മാത്രമാണ്. പതിമൂന്നാം പഞ്ചവത്സര കാലയളവിൽ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പ്രോജക്ടുകളുടെയും നടപ്പാക്കിയ പ്രോജക്ടുകളുടെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

വർഷം	അംഗീകാരം ലഭിച്ചത്(എണ്ണം)	നടപ്പാക്കിയത് (എണ്ണം)	ചെലവ് ശതമാനം	പദ്ധതി അടങ്കൽ ₹	പദ്ധതി ചെലവ് ₹	ചെലവ് ശതമാനം
2017-18	257	165	64.2	136342247	74590490	54.71
2018-19	244	153	62.7	150682995	69236549	45.95
2019-20	230	114	49.57	153053716	86815462	56.72
2020-21	310	204	65.81	151896689	82163631	54.09
2021-22	229	179	78.17	179252333	95536203	53.3
ആകെ	1270	815	64.17	771227980	408342335	52.95

ഗ്രാമപഞ്ചായത്തിന് പതിമൂന്നാം പദ്ധതിയിൽ ലഭ്യമായ വികസന ഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ഫണ്ട്	അലോട്ട്മെന്റ് ₹	ചെലവ് ₹	ചെലവ് ശതമാനം
വികസന ഫണ്ട്-പൊതുവിഭാഗം	122083736	111482189	91.32
വികസന ഫണ്ട്-എസ്.സി.എസ്.പി	21470995	16400114	76.38

വികസന ഫണ്ട്-ടി.എസ്.പി	15645826	12732369	81.38
14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	56032834	32756851	58.46
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)	17189779	7884570	45.87
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	24055654	8894995	36.98
സംരക്ഷണ ഗ്രാന്റ്-റോഡ്	79663242	59210682	74.33
സംരക്ഷണ ഗ്രാന്റ്-റോഡിതരം	33160335	22741863	68.58
ലോകബാങ്ക് ധനസഹായം	1837544	1837544	100

വികസന ഫണ്ട്-എസ്.സി.എസ്.പി, സംരക്ഷണ ഗ്രാന്റ്-, റോഡ്, റോഡിതരം, ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ എന്നിവ ചെലവഴിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് ഭാവിയിൽ അനുവദിക്കുന്ന വികസന ഫണ്ടിൽ കുറവ് ഉണ്ടാകുന്നതിന് കാരണമാവുന്നതാണ്.

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിന് പകരം ആവർത്തന സ്വഭാവമുള്ള പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

സ്റ്റാന്റിംഗ് കമ്മിറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ അതേപടി അംഗീകരിക്കുയാണ് ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തിരഞ്ഞടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുമുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ സർവതോന്മുഖമായ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതും ഭേദഗതി ചെയ്യുന്നതും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിഗണന കൂടാതെയാണെന്ന വസ്തുത ഒട്ടും തന്നെ അംഗീകരിക്കാവുന്ന വസ്തുതയല്ല.

വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രോജക്ടുകൾ ഭേദഗതി ചെയ്യുകയും പുതുതായി ഉൾപ്പെടുത്തുകയും ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭയുടെ അംഗീകാരം തേടാതെയാണ് പുതിയ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളത്. വാർഷിക പദ്ധതികൾക്ക് സാമ്പത്തിക വർഷത്തിനും മുമ്പേ തന്നെ അംഗീകാരം ലഭിക്കുന്നുണ്ടെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങളിൽ വരുന്ന കാലതാമസം കാരണം സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വരുന്നു. പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും വകുപ്പുകളിൽ നിന്നും ലഭ്യമായ ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

പ്രസ്തുത അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
ഭരണചെലവുകൾ	967750	2182926	3150676	3146140	4536
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	68054158	68054158	68054158	0

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	5880	6
വാർദ്ധക്യകാല പെൻഷൻ	16900800	1308
കർഷക തൊഴിലാളി പെൻഷൻ	7310200	512
വിധവാ പെൻഷൻ	9293800	652
50 വയസിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	96000	8
വികലാംഗപെൻഷൻ	3581800	252
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	210000	3

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.10.2022-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹2,070/- നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രസക്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥ ഘടന

തസ്തിക	അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം
സെക്രട്ടറി	01

അസി. സെക്രട്ടറി	01
ഹെഡ്ക്ലാർക്ക്	01
അക്കൗണ്ടന്റ്	01
സീനിയർ ക്ലാർക്ക്	03
ക്ലാർക്ക്	05
ഓഫീസ് അറ്റന്റന്റ്	02
ഫുൾടൈം സ്വീപ്പർ	02
പാർട്ട് ടൈം ലൈബ്രേറിയൻ	01

- ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്.
- ഭരണസമിതി-സ്റ്റാന്റിംഗ് കമ്മിറ്റി യോഗ തീരുമാനങ്ങൾ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വാർഷിക പദ്ധതി ആസൂത്രണ-നിർവ്വഹണ പ്രക്രിയകളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഇടപെടലുകൾ ഉണ്ടാവുന്നതായി രേഖയില്ല.
- തനത് വരുമാന സ്രോതസുകൾ പരമാവധി ചൂഷണം ചെയ്ത് വരുമാന വർദ്ധനവ് ഉറപ്പാക്കുന്ന നടപടികൾ ഫലപ്രദമായി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. പിരിവ് ശതമാനവും വരവിനങ്ങളിലെ വൻകുടിശ്ശികയും അക്കാര്യം സ്ഥിരീകരിക്കുന്നു.
- നികുതി/ഫീസ് നിർണ്ണയം, ചുമത്തൽ, ഈടാക്കൽ നടപടി ക്രമങ്ങളിൽ ഏറെ അപാകതകൾ സംഭവിച്ചിട്ടുള്ളത് ഈ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുള്ളത് കാണുക.
- ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ച് നൽകുന്ന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നു.
- ഗ്രാമപഞ്ചായത്ത് 01.04.2022-ലാണ് ILGMS സോഫ്റ്റ് വെയറിലൂടെ ഭരണ നിർവ്വഹണം ആരംഭിച്ചത്. എല്ലാ സേവനങ്ങളും ഒരു സോഫ്റ്റ്വെയറിൻ കീഴിലേക്ക് മാറുന്നുവെന്ന പ്രഖാപിത ലക്ഷ്യം ഇപ്പോഴും സാധ്യമായിട്ടില്ല. വിവിധ സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി IKM തയ്യാറാക്കിയിട്ടുള്ള 17 സോഫ്റ്റുവെയറുകളിലെ കേവലം 03 എണ്ണം മാത്രമാണ് (സാംഖ്യ, സൂചിക, സിവിൽ രജിസ്ട്രേഷൻ) ഭാഗികമായെങ്കിലും പ്രവർത്തനക്ഷമമായിട്ടുള്ളത്.
- സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്, ഗ്രാമസഭാ മിനിട്സ്, തുടങ്ങിയവ പരിപാലിക്കുന്നുണ്ട്. എന്നാൽ വായ്പാ രജിസ്റ്ററുകൾ മുൻ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടും കാലികമാക്കിയിട്ടില്ല

. കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി, സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ട്.

. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

. പ്രതിമാസ അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തൽ പത്രികകൾ സഹിതം കാലികമായി തയ്യാറാക്കി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ട്.

. തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലേറെ ബാങ്ക് അക്കൗണ്ടുകളും സൂക്ഷിക്കുകയും കാലഹരണപ്പെട്ട മൂന്നിലധികം അക്കൗണ്ടുകൾ നിലനിർത്തുകയും ചെയ്യുന്നു.

. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതവുമായിട്ടാണ് തുകകൾ ചെലവഴിക്കപ്പെടുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല.

. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കണ്ടതാണ്.

. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല.

. വാർഷിക പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതിയും കാര്യക്ഷമതയും കൈവരിച്ചിട്ടില്ല. ഇത് സംബന്ധമായ പരാമർശങ്ങൾ ഈ റിപ്പോർട്ടിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക.

. നൂതനമായ അനേകം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ പദ്ധതി മാർഗ്ഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആവർത്തന ശൈലിയിലുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ആസൂത്രണം ചെയ്യുന്നതിനാണ് ഓഡിറ്റ് വർഷവും ശ്രദ്ധ

പതിപ്പിച്ചിട്ടുള്ളത്.

- പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. ഉത്പാദനമേഖലയിലെ വളരെ പരിമിതമായ ചെലവ് ശതമാനം ഈ വസ്തുത ശരി വെയ്ക്കുന്നതാണ്.
- വാർഷിക പദ്ധതിക്കായി വകയിരുത്തുന്ന തുകകൾ സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. പദ്ധതി നിർവഹണം വർഷാവസാനത്തേക്ക് കേന്ദ്രീകരിച്ചതിനാൽ ഗണ്യമായ തുക ട്രഷറി നിയന്ത്രണം മൂലം പിൻവലിക്കാൻ കഴിയാതെ വന്നത് പദ്ധതി നിർവഹണത്തിലെ വലിയ പാളിച്ചയായി.
- സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ടെങ്കിലും മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം റദ്ദാക്കാത്തതിനാൽ അനർഹമായി തുക ക്രമീകരിച്ചിരിക്കാനുള്ള സാധ്യത നിലനിൽക്കുന്നു.

1-9-1 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന - പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട്സ് ബാലൻസ് സ്റ്റേറ്റുമെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണെന്നും അടുത്ത മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ് പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 58-ൽ സാമ്പത്തിക വർഷ കാലയളവ് അവസാനിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 2021 ഏപ്രിൽ മുതലുള്ള പ്രതിമാസ റിക്കൺസിലിയേഷനും 2021-22 സാമ്പത്തിക വർഷാവസാന റിക്കൺസിലിയേഷനും നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ, സാംഖ്യയിൽ തയ്യാറാക്കിയിട്ടുള്ള റിക്കൺസിലിയേഷന്റെ ആധികാരികത വ്യക്തമല്ല.

1-9-2 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല. ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ്

ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നതു്. പ്രധാനമായും വസ്തുനികുതി ഇനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും ക്രമീകരിക്കുവാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി. രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

1-9-3 ബാങ്ക് അക്കൗണ്ടുകളുമായി ബന്ധപ്പെട്ട അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ B–17 ഷെഡ്യൂൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

A) പഞ്ചായത്തിൽ തനത് ഫണ്ട് സൂക്ഷിക്കുന്നതിനായി ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നു

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിക്കുന്നതിന് നിലവിൽ ട്രഷറി അക്കൗണ്ടിന് പുറമെ 02 സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ കൂടി നിലനിർത്തിയിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	അക്കൗണ്ട് നമ്പർ	ബാങ്ക്
1	57065602544	SBI
2	126001-2000000281	SCB-Vazhathope

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം 3 അനുസരിച്ച് പഞ്ചായത്ത് ഫണ്ട് ട്രഷറി/പോസ്റ്റോഫീസ്/സഹകരണ ബാങ്ക്/ദേശസാത്കൃത ബാങ്ക് എന്നിവിടങ്ങളിൽ സൂക്ഷിക്കാവുന്നതാണ്. പ്രസ്തുത ചട്ടത്തിന് സ്പഷ്ടീകരണമായി പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.05.2011-ലെ 58725/എഫ്.എം3/2008 നമ്പർ പരിപത്രമനുസരിച്ച്, തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ട് അഭികാമ്യമല്ല. അത് ട്രഷറിക്ക് പുറമെ ഒരു സഹകരണ ബാങ്ക്/ദേശസാത്കൃത ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണ്. ആകയാൽ പട്ടികയിൽ പരാമർശിക്കുന്നതിൽ ഒരു അക്കൗണ്ട് മാത്രം നിലനിർത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

B) ഇ-പേയ്മെന്റിന് വേണ്ടി ആരംഭിച്ച കറന്റ് അക്കൗണ്ടിൽ വൻതുക അവശേഷിക്കുന്നു

ഗ്രാമ പഞ്ചായത്ത് ഓൺലൈൻ പണമിടപാടുകൾ നടത്തുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ചെറുതോണി ശാഖയിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നികുതി തുകകൾ ഓൺലൈനായി ലഭിക്കുന്നത് പ്രസ്തുത അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത് (അക്കൗണ്ട് നം. 37059061597). 31.03.2022 വരെയുള്ള പാസ്സ്ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം പ്രസ്തുത അക്കൗണ്ടിൽ ₹10,66,566/-

ബാക്കിയുണ്ടായിരുന്നു. 09.06.2022, 02.08.2022 എന്നീ തീയതികളിൽ യഥാക്രമം ₹5,00,000/-, ₹3,00,000/- എന്നീ തുകകൾ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ഇ-പേയ്മെന്റ് അക്കൗണ്ടിലെ നിലവിലെ ബാലൻസ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പലിശരഹിതവും ബാങ്ക് ചാർജ് ഈടാക്കപ്പെടുന്നതുമായ പ്രസ്തുത അക്കൗണ്ടിൽ ഗണ്യമായ തുക നിലനിർത്തുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. അവശേഷിക്കുന്ന തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

C) കാലഹരണപ്പെട്ട/ഇടപാടുകളില്ലാത്ത അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നു

വാർഷിക ധനകാര്യ പത്രികയിലെ B–17 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന അക്കൗണ്ടുകളിൽ ഗണ്യമായ തുക അവശേഷിക്കുന്നു. നിലവിൽ ഇടപാടുകളില്ലാത്ത അക്കൗണ്ടുകളിൽ ഇത്തരത്തിൽ പണം സൂക്ഷിക്കുന്നത് അനാരോഗ്യകരമായ പല പ്രവണതകൾക്കും കാരണമാകുമെന്നതിനാൽ പ്രസ്തുത തുകകൾ യഥാവിധി ക്രമീകരിച്ച് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്രമ നമ്പർ	അക്കൗണ്ട് ഉപയോഗം	അക്കൗണ്ട് നമ്പർ	ബാങ്ക്	അവശേഷിക്കുന്ന തുക ₹
1	എം. എൻ. ലക്ഷം	2072	SCB	₹10500/-
2	WGDP	346702010021823	UBI	₹781719/- (As On 06.07.2022)
3	CFLTC	6413	ട്രഷറി	₹1066056/-

D) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഒന്നിലധികം അക്കൗണ്ടുകൾ

കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുമായി ബന്ധപ്പെട്ട പണമിടപാടുകൾ നിയന്ത്രിക്കുന്നതിന് ട്രഷറി അക്കൗണ്ട് കൂടാതെ യൂണിയൻ ബാങ്കിന്റെ ചെറുതോണി ശാഖയിലും ഒരു അക്കൗണ്ട് ഉപയോഗിക്കുന്നുണ്ട് (അക്കൗണ്ട് നം.346702010027820). എന്നാൽ പ്രസ്തുത അക്കൗണ്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല. 23.03.2022 വരെയുള്ള രേഖപ്പെടുത്തലുകൾ പ്രകാരം ടി അക്കൗണ്ടിൽ ₹1,49,153/- നീക്കിബാക്കിയുണ്ട്. ട്രഷറി അക്കൗണ്ട് നിലനിൽക്കെ മറ്റൊരു അക്കൗണ്ടിലൂടെ ഇടപാടുകൾ നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും പ്രസ്തുത അക്കൗണ്ട് അടിയന്തിരമായി ക്ലോസ് ചെയ്ത് നിക്ഷേപ തുക യഥാവിധി ക്രമീകരിച്ച് അറിയിക്കേണ്ടതുമാണ്.

1-9-4 സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ 31.03.2022-ലെ ആസ്തി-ബാദ്ധ്യത പത്രികയിലെ 350800101 - Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ₹1,84,556/- രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്നുമാസകാലാവധി കഴിഞ്ഞ Stale Cheque തുകകൾ ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കി 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടങ്ങൾ 22, 44, 45 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ തനതുഫണ്ടിൽ രേഖപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

1-9-5 നികുതി നികുതിയിതര വരുമാനങ്ങളുടെ ഡി.സി.ബി-രജിസ്റ്ററുകളും വാർഷിക കണക്കുകളും

തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും ഡിമാന്റ് രജിസ്റ്ററുകളിൽ നിർണ്ണയിച്ചിട്ടുള്ള തുകകളും തമ്മിൽ ചുവടെ കൊടുത്തിരിക്കുന്ന വ്യത്യാസം നിലനിൽക്കുന്നു.

ഇനം	വാർഷിക കണക്കുകൾ പ്രകാരമുള്ള തുക ₹			രജിസ്റ്റർ പ്രകാരമുള്ള തുക ₹		
	ഡിമാന്റ്	കളക്ഷൻ	ബാലൻസ്	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
വസ്തുനികുതി (ഗാർഹികം) തൻവർഷം	4277666	1224013	2908241	1674371	1152971	521390
വസ്തുനികുതി (ഗാർഹികം) കുടിശിക	5039204	331325	4723656	2600672	324476	2276904
വസ്തുനികുതി(ഗാർഹികേതരം) തൻവർഷം	5910839	1797780	3917199	2609896	1882446	727450
വസ്തുനികുതി (ഗാർഹികേതരം) കുടിശിക	5773376	480449	5315806	2853193	542278	2311095
തൊഴിൽ നികുതി ജീവനക്കാർ (തൻവർഷം)	8219725	8203475	16250	ഡി.സി.ബി തയ്യാറാക്കിയിട്ടില്ല		
തൊഴിൽ നികുതി സ്ഥാപനങ്ങൾ (തൻവർഷം)	0	396350	-396350	ഡി.സി.ബി തയ്യാറാക്കിയിട്ടില്ല		
തൊഴിൽ നികുതി സ്ഥാപനങ്ങൾ (കുടിശിക)	51100	1250	49850	ഡി.സി.ബി തയ്യാറാക്കിയിട്ടില്ല		
ലൈസൻസ് (തൻവർഷം)	184500	184500	0	163800	163800	0
ലൈസൻസ് (കുടിശിക)	33500	0	33500	ഡി.സി.ബി തയ്യാറാക്കിയിട്ടില്ല		
വാടക (തൻവർഷം)	227290	211690	0	227290	227290	0
വാടക (കുടിശിക)	1977290	5700	1971590	ഡി.സി.ബി തയ്യാറാക്കിയിട്ടില്ല		

വാർഷിക ധനകാര്യ പത്രികയിൽ സ്ഥാപന തൊഴിൽ നികുതിയുടെ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല. ധനകാര്യ പത്രികയും ഡിമാന്റ് രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടാത്തതിനും ഡി.സി.ബി തയ്യാറാക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-9-6 നികുതി-നികുതിയിതര വരുമാനങ്ങളുടെ ഡിമാന്റ് വാർഷിക കണക്കുകളിൽ യഥാസമയം രേഖപ്പെടുത്തുന്നില്ല

സാംഖ്യ സോഫ്റ്റ് വെയറിലെ അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ ചെയ്തിട്ടില്ല എന്ന് കാണുന്നു. വിവിധ നികുതി-നികുതിയേതര വരുമാനങ്ങളുടെ അക്രൂവൽ ഡിമാന്റുകൾ സാമ്പത്തിക വർഷത്തിന്റെ ആദ്യ പ്രവൃത്തി ദിവസം തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. കൂടാതെ മുൻ വർഷാവസാനം പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കറന്റ് ഡിമാന്റിൽ നിന്നും മാറ്റി കുടിശ്ശിക ഡിമാന്റായും ക്രമീകരിക്കേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ വിവിധ നികുതി നികുതിയേതര വരുമാനങ്ങളുടെ 31.03.2021-ൽ പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കുടിശിക ഡിമാന്റിലേയ്ക്ക് ക്രമീകരിച്ചതും തൻവർഷ ഡിമാന്റ് രേഖപ്പെടുത്തിയതും

സാമ്പത്തിക വർഷത്തിലെ അവസാന പ്രവൃത്തി ദിവസമായ 31.03.2022ലാണ്.

സാമ്പത്തിക വർഷം വരവുകൾ അസസ് ചെയ്ത് തുക നിർണ്ണയിക്കുന്ന അവസരത്തിൽ തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. തുക നിർണ്ണയിച്ച് ജേണൽ എൻട്രി ചെയ്യാത്തതിനാൽ തൻവർഷത്തെ പുതിയ നികുതി, നികുതിയേതര വരുമാനങ്ങളെല്ലാം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുന്നില്ല. വ്യാപാരികളുടെ തൊഴിൽ നികുതിയിനത്തിൽ ബി-15 പട്ടികയിൽ (-) തുക രേഖപ്പെടുത്തിയിരിക്കുന്നത് ഈ പരാമർശം സാധൂകരിക്കുന്നതാണ്. സാമ്പത്തിക വർഷാരംഭത്തിലെ ഓപ്പണിംഗ് എൻട്രികൾ നടത്തുന്നതിനും അസസ്സ് ചെയ്യുന്ന അവസരത്തിൽ തന്നെ ഡിമാന്റിൽ ചേർക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-9-7 സ്ഥാപന തൊഴിൽ നികുതിയുടെ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല - വാർഷിക കണക്കുകൾ തെറ്റായ വിവരം പ്രതിഫലിപ്പിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി വരുമാനമായ തൊഴിൽ നികുതി-സ്ഥാപനങ്ങളുടെ 2021-22ലെ ഡിമാന്റ് വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ, വാർഷിക കണക്കുകളിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ തെറ്റായ വിവരത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. വാർഷിക കണക്കുകൾ പ്രകാരമുള്ള 2021-22 വർഷത്തെ ഡിമാന്റ്, കളക്ഷൻ തുകകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ഇനം	വാർഷിക കണക്കുകൾ പ്രകാരം കളക്ഷൻ (₹)	വാർഷിക കണക്കുകൾ പ്രകാരം ഡിമാന്റ് (₹)
തൊഴിൽ നികുതി-സ്ഥാപനങ്ങൾ	396350	0

കൂടാതെ ഡിപ്രീസിയേഷൻ രേഖപ്പെടുത്തലിനെ സാധൂകരിക്കുന്ന രേഖകൾ പരിപാലിച്ചിട്ടില്ല. അതിനാൽ തന്നെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം കൊടുത്തിട്ടുള്ള 2021-22ലെ മിച്ചം തെറ്റാണ്. 31.03.2022ലെ ആസ്തി ബാദ്ധ്യത പത്രിക തെറ്റായ കണക്കിനെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു.

1-9-8 ബാധ്യത ശീർഷകങ്ങളിലെ രേഖപ്പെടുത്തലുകളെ സാധൂകരിക്കുന്ന രേഖകളില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യത പത്രിക പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ബാദ്ധ്യത ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന രേഖകളില്ല.

ഷെഡ്യൂൾ	ഹെഡ്	വിശദാംശങ്ങൾ	തുക ₹
B-8 Deposits Works	341100101	Deposits Works-Civil Works	242873
	341300101	Deposits Works-Others	1943
B-9 Other Liabilities	350200202	Recoveries Payable-Value Added Tax	4561
	350300101	Government And Other Dues Payable-Value Added Tax	62902
	350300116	Government And Other Dues Payable-Flood Cess	-3244
	350300199	Government And Other Dues Payable-Others	4522
	350400103	Refund Payables-Profession Tax-Employees	16000
	350400701	Refunds Payable-Deposit Works	310035
	350409901	Refunds Payable-Others	474

Government And Other Dues Payable-Flood Cess ഹെഡിൽ നെഗറ്റീവ് ബാദ്ധ്യത വന്നതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ, Value Added Tax നാളിതുവരെ സർക്കാരിലേക്ക് ഒടുക്കാത്തതിനും മുകളിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് ഹെഡുകളിലെ രേഖപ്പെടുത്തലുകൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-10 വിവിധ വരവിനങ്ങളിൽ വൻ കുടിശ്ശിക

2021-22 വാർഷിക ധനകാര്യപത്രിക അനുസരിച്ച് വസ്തു നികുതി ഇനത്തിൽ വൻ കുടിശ്ശിക നിലനില്ക്കുന്നു. ധനകാര്യപത്രികയുടെ ബി-15 പത്രിക പ്രകാരം വസ്തുനികുതിയിലെ തന്നാണ്ട് കുടിശ്ശിക ₹68,25,440/-യും മുൻവർഷ കുടിശ്ശിക ₹1,00,39,462/-യും ഉൾപ്പെടെ ആകെ കുടിശ്ശിക ₹1,68,64,902/- ആണ്. വസ്തു നികുതിയുടെ പ്രതിവർഷ ഡിമാന്റ് കേവലം ₹10,18,805/- മാത്രമാണ് എന്ന വസ്തുത ഇതോടുചേർത്ത് കാണേണ്ടതാണ്. വസ്തു നികുതി കുടിശ്ശിക ഇനത്തിലെ വരവ് ഡിമാൻഡിന്റെ 7.5 ശതമാനവും തൻവർഷ വരവ് 30 ശതമാനവും മാത്രമാണ്. വളരെ പരിമിതമായ വരുമാന സ്രോതസുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിന് കൈമുതലായുള്ളതെന്ന സാഹചര്യം നിലനിൽക്കെയാണ് നികുതി പിരിവിലെ ഇത്തരം ഉദാസീനതയെന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 243(1)-ആം വകുപ്പനുസരിച്ച്, ഡിമാന്റ് ചെയ്ത നികുതി 3 വർഷത്തിനകം പിരിച്ചെടുക്കാത്തപക്ഷം കാലഹരണപ്പെടുന്നതാണ്.
വാർഷിക ധനകാര്യ പത്രികയുടെ ബി-15 പട്ടിക പ്രകാരം വിവിധ വരവിനങ്ങളുടെ കുടിശ്ശിക വിവരങ്ങൾ താഴെ ചേർക്കുന്നു.

1	Property Tax On Residential Buildings (Current)	₹2908241
2	Property Tax On Residential Buildings (Arrears)	₹4723656
3	Property Tax On Non-Residential Buildings (Current)	₹3917199
4	Property Tax On Non-Residential Buildings (Arrears)	₹5315806
5	Rent From Buildings (Arrears)	₹1971590
6	Profession Tax Institutions/Professionals/Traders (Current)	₹396350
7	Profession Tax Institutions/Professionals/Traders (Arrears)	₹49850
	Total	₹18836492

കുടിശ്ശികയായി സൂചിപ്പിച്ചിട്ടുള്ള ഗണ്യമായ ശതമാന തുകയും ഇതിനോടകം കാലഹരണപ്പെട്ടതാണ്. തന്മൂലം നിയമപരമായ നടപടികളിലൂടെ പ്രസ്തുത തുകകൾ വസൂലാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ദീർഘനാളുകളായി നികുതി കുടിശ്ശിക വരുത്തിയ ആളുകൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി രേഖ സൂക്ഷിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വരവിനങ്ങളുടെ തൻവർഷത്തെ ആകെ ഡിമാന്റ് തുകയുടെ കുറഞ്ഞത് 90% എങ്കിലും പിരിച്ചെടുക്കാത്തപക്ഷം തുടർന്നുള്ള വർഷത്തെ വികസന

ഫണ്ട് വിഹിതത്തിൽനിന്ന് (പൊതു വിഭാഗം) പിഴയായി 1% തുക കുറവ് ചെയ്യാൻ സർക്കാർ ധനകാര്യ വകുപ്പിന്റെ 18.10.2022-ലെ ജി.ഒ.(എം.എസ്.)179/2022 നമ്പർ ഉത്തരവി പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത് ഏറെ ഗൗരവത്തോടെ കാണേണ്ട വിഷയമാണ്. കുടിശ്ശികയാവുന്ന തുകകൾ കുടിശ്ശിക ഡിമാന്റിൽ ഉൾപ്പെടുത്തി നടപടികൾ അവസാനിപ്പിക്കുന്ന പ്രവണത ഒട്ടുംതന്നെ ആശാസ്യമല്ല. നികുതി തുകകൾ കാലികമായി പിരിച്ചെടുക്കാൻ നിഷ്കർഷ ഉണ്ടാവേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-11 നിയമ/ചട്ടത്തിന്റെ പിൻബലമില്ലാതെ വസ്തു നികുതി ഒഴിവാക്കി

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് അനുസരിച്ച്, വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും, ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ് (2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ, ചട്ടം 3 കാണുക). തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ(എം.എസ്.)144/2015 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 4 പ്രകാരമുള്ള നിർദ്ദേശമനുസരിച്ച് 660 ചതുരശ്ര അടി (60 ചതുരശ്ര മീറ്റർ) വരെയുള്ള വാസഗൃഹങ്ങളെയാണ് 2015-16 മുതൽ വസ്തുനികുതിയുടെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയറിൽ ക്രോഡീകരിച്ചിട്ടുള്ള, ഗ്രാമപഞ്ചായത്ത് 7-ാം വാർഡിലെ വസ്തു നികുതി വിവരങ്ങൾ മാത്രം പരിശോധിച്ചതിൽ പാർപ്പിട ഉപയോഗക്രമമായുള്ള ഒട്ടേറെ കെട്ടിടങ്ങളെ നിയമ/ചട്ട പിൻബലമില്ലാത്ത കാരണങ്ങൾ മുൻനിർത്തി നികുതി ഒഴിവാക്കി നൽകിയതായി കാണുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വാർഡ്/ കെട്ടിട.നം	ഉടമയുടെ പേര്	വിസ്തീർണം
1	7/132	ശ്രീ. കെ. ഗോപാലകൃഷ്ണമേനോൻ ലതാമന്ദിരത്തിൽ	65.53 ച മീ
2	7/133	ശ്രീ. കരിം, കുന്നത്ത്	65.37 ച മീ
3	7/135	ശ്രീ. ഷംസുദിൻ, കുന്നത്ത്,	64.35 ച മീ
4	7/145	ശ്രീ. ഷാജി, വെള്ളാപ്പിള്ളിൽ	80 ച മീ
5	7/151	ശ്രീ. കെ. എച്ച്. ഇസ്മായിൽ, കരിയ്ക്കൻപറമ്പിൽ	89.59 ച മീ
6	7/152	ശ്രീ. താജുദ്ദീൻ, പനച്ചിക്കൽ, മണിയാറംകുടി	89 ച മീ
7	7/155	ശ്രീമതി കുഞ്ഞമ്മ, ആറ്റുപുറത്ത്	89.1 ച മീ
8	7/161	ശ്രീമതി അജിത അജിത്കുമാർ, ശാന്തിവിലാസം	86.61 ച മീ
9	7/174	ശ്രീ. സലീം എം. കെ.	72 ച മീ
10	7/223	ശ്രീ. ഭാസ്കരൻ, ചൂരത്തോട്ടിയിൽ	76.5 ച മീ

11	7/264	ശ്രീ. ചാക്കോ ജെയിംസ്, കുനംമാക്കൽ	64.2 ച മീ
12	7/411	ശ്രീ. വർഗീസ്, മുട്ടിയാറുകുന്നേൽ	72 ച മീ
13	7/455	ശ്രീ. മാത്യു, വാട്ടപ്പിള്ളിൽ	82.77 ച മീ

സമാനരീതിയിൽ നികുതി ഒഴിവാക്കപ്പെട്ട, എല്ലാ വാർഡുകളിലെയും കെട്ടിടങ്ങളുടെ വിവരങ്ങൾ പുനഃപരിശോധിക്കേണ്ടതും അനർഹമായതെന്ന് കണ്ടെത്തുന്നവ ഡിമാന്റിൽ ഉൾപ്പെടുത്തി പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-12 കെട്ടിടങ്ങൾക്ക് വസ്തു നികുതിയിൽ അനർഹമായ ഇളവ് അനുവദിച്ചു

(1) ഗ്രാമപഞ്ചായത്തിന്റെ ആകെയുള്ള 18 വാർഡുകളിൽ പത്താം വാർഡിലെ വസ്തുനികുതി വിവരങ്ങൾ പരിശോധിച്ചതിൽ തന്നെ (സഞ്ചയ സോഫ്റ്റ് വെയറിൽ ക്രോഡീകരിച്ചത്) ന്യൂ ബിൽഡിങ്സ് രജിസ്റ്ററിൽ ഉൾപ്പെട്ട ഒട്ടേറെ കെട്ടിടങ്ങൾക്ക് കാലപ്പഴക്കം പരിഗണിച്ച് ഇളവ് അനുവദിച്ചിട്ടുള്ളതായി കാണുന്നു. പ്രസ്തുത കെട്ടിടങ്ങൾ 2016-17 കാലയളവിൽ നമ്പർ അനുവദിക്കപ്പെട്ടിട്ടുള്ളവയാണ്. ഇവയുടെ കാലപ്പഴക്കം 10 വർഷത്തിൽ താഴെയായതിനാൽ യാതൊരുവിധ ഇളവുകൾക്കും അർഹമല്ല. അനർഹമായി ഇളവനുവദിക്കപ്പെട്ട കെട്ടിടങ്ങളുടെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ്/ കെട്ടിട നം.	ഉടമ	ഉപയോഗക്രമം	വിസ്തീർണ്ണം	അനുവദിച്ചിരിക്കുന്ന ഇളവ് ശതമാനത്തിൽ	ഫയൽ നം./ തീയതി
1	10/1685	ബാപ്പു ഉമ്മർ	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	49 ച. മീ	10 %	B1/3810 (3/17) 15.06.2017
2	10/1686	ബാപ്പു ഉമ്മർ	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	49 ച. മീ	10 %	B1-3810 (4)/17 15-06-2017
3	10/1687	ബാപ്പു ഉമ്മർ	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	49 ച. മീ	10 %	B1-3810 (5)/17 15-06-2017
4	10/1691	പി. പി. തോമസ്	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	42.5 ച. മീ	10 %	B1-103 6/17 15-02-2017

5	10/1676	പ്രസിഡൻറ്, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി, ചെറുതോണി, ഇടുക്കി	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	20.95 ച. മീ	10%	A3-4407/ 16(5) 07-06-2016
6	10/1675	പ്രസിഡന്റ്, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി, ചെറുതോണി, ഇടുക്കി	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	13.75 ച. മീ	10 %	A3-4407/ 16-3 28-03-2017

അനർഹമായ ഇളവ് നൽകിയതു മൂലം ഗണ്യമായ തുക വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്.

(2) മേൽപട്ടികയിലെ ക്രമ നമ്പർ 1, 2, 3 എന്നിവ പ്രകാരമുള്ള കെട്ടിടമുറികൾ ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും ഒരേ ഉപയോഗ ഗണത്തിൽപ്പെട്ടതുമായതിനാൽ അവയുടെ വിസ്തീർണം ഒന്നിച്ചുപരിഗണിച്ച് നികുതി നിർണ്ണയിക്കാതെ പ്രത്യേകം പ്രത്യേകമായി നിർണ്ണയിക്കുക വഴിയും നഷ്ടം സംഭവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും വിവരങ്ങൾ പരിശോധിച്ച്, മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ ആവർത്തിച്ചിട്ടുള്ള പക്ഷം നികുതി പുനർ നിർണ്ണയിച്ച് വരുമാന നഷ്ടം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-13 വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണയിച്ചു

ഗ്രാമപഞ്ചായത്തിന്റെ 4, 5, 10 എന്നീ വാർഡുകളിലെ വസ്തുനികുതി വിവരങ്ങൾ (സഞ്ചയ സോഫ്റ്റ്വെയറിൽ ക്രോഡീകരിച്ചത്) പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിനുള്ള ഏതാനും കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽപെടുത്തി ₹40/- നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളതെങ്കിലും അവയുടെ വിസ്തീർണ്ണം യഥാർത്ഥത്തിൽ 100 ചതുരശ്ര മീറ്ററിന് മുകളിലാണെന്ന് കാണുകയുണ്ടായി. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള നിരക്ക് ചതുരശ്ര മീറ്ററിന് ₹60/-യാണ്. കുറഞ്ഞ

നിരക്കിൽ നികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ്/ കെട്ടിട നം.	ഉടമയുടെ പേര്	വിസ്തീർണം
1	4/20	സെക്രട്ടറി മുഹിയദ്ദീൻ ജുമാ മസ്ജിദ്, തടിയമ്പാട്	114 ച.മീറ്റർ
2	4/91 B	ശ്രീ. അബ്ദുൾറഹ്മാൻ പറക്കാട്ടു പുത്തൻപുര, തടിയമ്പാട്	100.21 ച.മീ
3	4/91 C	ശ്രീ. അബ്ദുൾറഹ്മാൻ പറക്കാട്ടു പുത്തൻപുര, തടിയമ്പാട്	100.21 ച.മീ
4	4/465	ശ്രീ. ധന്യപ് സി. ഡി ചാഞ്ഞവെട്ടിക്കൽ, കരിമ്പൻ	110 ച.മീ
5	4/1014	ഫാദർ സെബാസ്റ്റ്യൻ ഡയറക്ടർ, കോതമംഗലം ക്രുപതാ സോഷ്യൽ സർവ്വീസ്, കരിമ്പൻ	106.61 ച.മീ
6	5/37	ശ്രീ. ലൂക്ക് സ്റ്റീഫൻ പുളിമൂട്ടിൽ, തടിയംപാട്	120.93 ച.മീ
7	5/76	ശ്രീ. സോജൻ കെ. എബ്രഹാം കൊച്ചുതുണ്ടിയിൽ, തടിയംപാട്	112 ച.മീ
8	5/394	ശ്രീ. വർഗ്ഗീസ് വട്ടപ്പാറയിൽ/നെല്ലിയാനിക്കൽ	104 ച.മീ
9	10/93	ശ്രീ. ലെനിൻകുമാർ, പണ്ടാരത്തറയിൽ, ഇടപ്പറമ്പിൽ, ചെറുതോണി	150 ച.മീ
10	10/605	ശ്രീ. പാറത്തോട് ആൻറണി മൈപ്പാൻ വീട്, ചെറുതോണി, ഇടുക്കി	209.8 ച.മീ
11	10/662	ശ്രീ. ജോയ് ജോസഫ് പടിഞ്ഞാറേമാവേക്കൽ, ഇടുക്കി	168 ച.മീ
12	10/864	പ്രസിഡൻറ് വ്യാപാരി വ്യവസായി ഏകോപന സമിതി, ചെറുതോണി, ഇടുക്കി കോളനി	112 ച.മീറ്റർ
13	10/866	പ്രസിഡന്റ് വ്യാപാരി വ്യവസായി ഏകോപന സമിതി, ചെറുതോണി, ഇടുക്കി കോളനി	304 ച.മീറ്റർ
14	10/870	പ്രസിഡന്റ് വ്യാപാരി വ്യവസായി ഏകോപന സമിതി, ചെറുതോണി, ഇടുക്കി കോളനി	134.6ച.മീറ്റർ

വസ്തു നികുതി നിർണ്ണയത്തിലെ അപാകത മൂലം വരുമാനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയം പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകം ആവർത്തിച്ചിട്ടുള്ളപക്ഷം പുനർ നിർണ്ണയിച്ച് ഡിമാൻഡ് ചെയ്ത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-14 മൊബൈൽ ടവറുകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിച്ചു

2011-ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങളിലെ ചട്ടം 34 അനുസരിച്ച്, ഏതെങ്കിലും ആവശ്യത്തിനായി ഉപയോഗിക്കുന്ന/സന്ദർശിക്കേണ്ട (താമസം, ജോലി, വിദ്യാലയം, കച്ചവടം, വ്യവസായം മുതലായവ) മനുഷ്യ സാന്നിധ്യമുണ്ടാകാനിടയുള്ള നിർമ്മാണങ്ങളെയാണ് ഏതെങ്കിലും ഒക്യുപൻസിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൊബൈൽ ടവർ അടക്കമുള്ള മറ്റ് കെട്ടിടങ്ങളെ Appurtenant Buildings/Operational Constructions/auxiliary Buildings എന്നാണ് കണക്കാക്കിയിരിക്കുന്നത്. ആകയാൽ അവയ്ക്ക് മറ്റ് കെട്ടിടങ്ങൾക്ക് അനുവദിക്കുന്ന രീതിയിൽ വസ്തു നികുതിയിൽ ഇളവ് അനുവദിക്കാൻ 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു

നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ വ്യവസ്ഥകളില്ല. എന്നാൽ ഗ്രാമപഞ്ചായത്തിൽ മൊബൈൽ ടവറുകൾക്ക് മേഖല, മേൽക്കൂര, കാലപ്പഴക്കം എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തു നികുതിയിൽ ഇളവ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ്/ കെട്ടിട നം.	ഉടമ	ഇളവിന്റെ മാനദണ്ഡം (ശതമാനത്തിൽ)				ടവറിന്റെയും അനുലഗ്ന ഭൂമിയുടെയും വിസ്തീർണ്ണം
			മേഖല	മേല്ക്കൂര	കാലപ്പഴക്കം	ആകെ	
1	3/250	സമൽ കുമാർ, ഐഡിയ	10	-	10	20	8
2	4/846	മാനേജർ, ഐഡിയ	20	10	-	30	3
3	9/87	ഐഡിയ സെല്ലുലാർ	10	10	10	30	70
4	10/16 A	റിലയൻസ് ടെലികോം	10	-	10	20	32

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.01.2011-ലെ ജി.ഒ(പി)14/2011 നമ്പർ ഉത്തരവനുസരിച്ച് മൊബൈൽ ടവറുകൾക്ക് ഗ്രാമപഞ്ചായത്തിൽ ചതുരശ്ര മീറ്ററിന് ₹500/-യാണ് അടിസ്ഥാന വസ്തു നികുതിയായി നിശ്ചയിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണ വിജ്ഞാപനത്തിലും പ്രസ്തുത നിരക്കാണ് അംഗീകരിച്ചിട്ടുള്ളത്. അനർഹമായ ഇളവ് നൽകിയത് മൂലം ഗണ്യമായ തുക വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. നികുതി പുനർ നിർണയിച്ച് വരുമാന നഷ്ടം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-15 റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല

1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (2017-ൽ ഭേദഗതി വരുത്തിയത്) 3-ാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്ന ഇനമാണ് റേഷൻ കടകൾ. കൂടാതെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019ലെ (സി.എസ്.)എ9-764/2019 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുമില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് തൻവർഷം ലൈസൻസ് അനുവദിച്ച് നൽകുകയോ, അവയിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും ലൈസൻസ് അനുവദിക്കുന്നതിനും നികുതി ചുമത്തുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 സ്ഥിര നിക്ഷേപങ്ങൾ യഥാസമയം പുതുക്കാത്തതിനാൽ പലിശ നഷ്ടമാവുന്നു

നെടുങ്കണ്ടം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഇടുക്കി ജില്ലാപഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ഗ്രാമപഞ്ചായത്തിന് ₹8,00,000/- സ്ഥിരനിക്ഷേപമുണ്ട്.

31.3.2022-ൽ അവശേഷിച്ച സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമ	സ്ഥാപനത്തിന്റെ പേര്	നിക്ഷേപിച്ച	കാലയളവ്	തുക	റിമാർക്സ്

നം	(ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്)	തിയതി		₹	
1	ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി	13-10-2017	24 മാസം (At The Rate 9% Per Anum	500000	17-08-2022 ₹500000/- നിക്ഷേപം പിൻവലിച്ച് തനത് ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്
2	ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി	13-10-2017	24 മാസം (At The Rate 9% Per Anum	300000	24 മാസത്തേയ്ക്കാണ് തുക നിക്ഷേപിച്ചിരിക്കുന്നത്. എന്നാൽ നിക്ഷേപം നാളിതുവരെ പുതുക്കിയിട്ടില്ല
ആകെ				800000	

സ്ഥിര നിക്ഷപത്തിന് ലഭിച്ചിരിക്കുന്ന രസീതിൽ “This Deposit Will Cease To Bear Interest After Due Date” എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ക്രമ നം (1) പ്രകാരമുള്ള സ്ഥിര നിക്ഷേപം 17-08-2022ൽ പിൻവലിച്ചപ്പോൾ ആകെ ₹7,17,500/- ആണ് ലഭിച്ചത് (പലിശ ₹2,17,500/-). നിക്ഷേപം യഥാസമയം പുതുക്കിയിരുന്നുവെങ്കൽ പലിശയിനത്തിൽ ലഭിക്കുമായിരുന്ന തുക ചുവടെ നിർണ്ണയിക്കുന്നു.

13-10-2017ൽ നിക്ഷേപിച്ച തുക	₹500000.00
12-10-2018ൽ പലിശയുൾപ്പെടയുള്ള ലഭിക്കേണ്ട തുക	₹545000.00
12-10-2019ൽ പലിശയുൾപ്പെടയുള്ള ലഭിക്കേണ്ട തുക	₹594050.00
12-10-2020ൽ പലിശയുൾപ്പെടയുള്ള ലഭിക്കേണ്ട തുക	₹647514.00
12-10-2021ൽ പലിശയുൾപ്പെടയുള്ള ലഭിക്കേണ്ട തുക	₹705790.00
17-8-2022ൽ പലിശയുൾപ്പെടയുള്ള ലഭിക്കേണ്ട തുക	₹758724.00

ആകെ ₹41,224/- (758724- 717500) പലിശയിനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഈ തുക ഇടുക്കി ജില്ലാപഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ നിക്ഷേപങ്ങൾ യഥാസമയം പുതുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. അവശേഷിക്കുന്ന ₹3,00,000/-യ്ക്ക് കൃത്യമായ പലിശ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ

ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. ഇലക്ഷൻ നിക്ഷേപമിനത്തിൽ ₹37,500/- നിക്ഷേപ രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പുണ്ട്. എന്നാൽ മുൻ തെരഞ്ഞെടുപ്പിലും 2020 ഡിസംബർ മാസം നടന്ന തെരഞ്ഞെടുപ്പിലും വിജയിച്ച/പ്രസ്തുത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായിട്ടില്ല. മുന്നിരിപ്പായി സൂചിപ്പിട്ടുള്ള നിക്ഷേപ തുക ഇതിനോടകം കാലഹരണപ്പെട്ടതാണ്. ടി തുകയും വരണാധികാരിയിൽനിന്ന് ലഭിച്ച 2020-ലെ തെരഞ്ഞെടുപ്പ് ഫലം അടിസ്ഥാനപ്പെടുത്തി പ്രസ്തുത വർഷത്തെ നിക്ഷേപവും പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-18 വാർഷിക പദ്ധതി - പ്രോജക്ട് തുക തനത് ഫണ്ടിലേക്ക് തിരികെ ക്രമീകരിക്കാനുള്ള സാധ്യത പാഴാക്കി

വാർഷിക പദ്ധതി രൂപീകരണം, മോണിട്ടറിംഗ്, ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ മാനവേതനം, ഖരമാലിന്യ പരിപാലനം തുടങ്ങിയ പ്രോജക്ടുകൾക്ക് പ്രാഥമികമായി തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കാനും തുടർന്ന് പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കി അത് വികസന ഫണ്ടിൽ നിന്ന് ക്രമീകരിക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദമുള്ളതാണ്. മുൻകാലങ്ങളിൽ വാർഷിക പദ്ധതികൾക്ക് അനുമതി ലഭിക്കാൻ കാലതാമസം നേരിട്ടിരുന്നതിനാൽ ആവർത്തന സ്വഭാവമുള്ള ഇത്തരം ചെലവുകൾക്ക് ഈ രീതിയാണ് സ്ഥാപനങ്ങൾ അനുവർത്തിച്ചിരുന്നതും പല സ്ഥാപനങ്ങളും ഇപ്പോഴും തുടർന്നു വരുന്നതും. തനത് ഫണ്ടിന്റെ കരുതൽ ശേഖരം സംരക്ഷിക്കുന്നതിനും വികസന ഫണ്ടിന് ഉയർന്ന ചെലവ് ശതമാനം കൈവരിക്കുന്നതിനും ഈ സംവിധാനം ഏറെ സഹായിച്ചിരുന്നു. എന്നാൽ വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിൽ ഇത്തരം പ്രോജക്ടുകൾക്ക് തനത് ഫണ്ടാണ് വകയിരുത്തി ചെലവഴിച്ചത്. ലഭ്യമായ വികസന ഫണ്ട് നൂറ് ശതമാനവും ചെലവഴിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ തുക പുനഃക്രമീകരിക്കുന്നതിന് എല്ലാ സാധ്യതകളുമുണ്ടായിരുന്നിട്ടും അത് ഫലപ്രദമായി വിനിയോഗിക്കാൻ കഴിയാതിരുന്നത് പദ്ധതി നിർവ്വഹണത്തിലെ വലിയ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം, പേര്	ചെലവഴിച്ച തുക ₹	അഭിപ്രായക്കുറിപ്പുകൾ
1	എസ്.036/22 പദ്ധതി രൂപീകരണം, മോണിട്ടറിംഗ്	72620	-
2	എസ്.33/22 ടെക്നിക്കൽ അസിസ്റ്റന്റിന്റെ പരിശീലനം, വേതനം	402935	-
3	എസ്.226/22 മാലിന്യം നീക്കം ചെയ്യൽ	1060000	പ്രോജക്ടിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റാണ് വികയിരുത്തിയതെങ്കിലും തുക പൂർണ്ണമായും തനത്

			ഫണ്ടിൽനിന്നാണ് ചെലവഴിച്ചത്
	ക്രമീകരണ സാധ്യതയുണ്ടായിരുന്ന ആകെ തുക	1535555	

പദ്ധതി ആസൂത്രണത്തിലെ ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 പ്രൊക്യൂർമെന്റ് മാനദണ്ഡങ്ങൾ പാലിക്കാതെ സാധനങ്ങൾ വാങ്ങുന്നു

അസിസ്റ്റന്റ് സെക്രട്ടറി, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി 2021-22 സാമ്പത്തിക വർഷം ആവിഷ്കരിച്ച വിവിധ വാങ്ങൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ പ്രൊക്യൂർമെന്റ് മാന്വൽ, സ്റ്റോർ പർച്ചേസ് മാന്വൽ, പദ്ധതി മാർഗ്ഗരേഖ, സർക്കാർ നിർദ്ദേശങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല. പ്രോജക്ടുകളിലെ പൊതുവായ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

(1) കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 123, 124 എന്നിവ പ്രകാരം ഓരോ സാമ്പത്തിക വർഷത്തിന്റെ അവസാനവും അടുത്ത സാമ്പത്തിക വർഷത്തേക്ക് വാങ്ങേണ്ട സാധനങ്ങളുടെ കണക്കെടുപ്പ് മുൻകൂട്ടി നടത്തണമെന്നും അതനുസരിച്ച് ഇൻഡന്റ് തയ്യാറാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 08.11.2010-ലെ സ.ഉ(അ)259/2010/തസ്വഭവ. പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തണം [ഖ.2.3.(b)]. എന്നാൽ, ഗ്രാമപഞ്ചായത്ത് വാങ്ങേണ്ട സാധനങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല.

(2) ഓഫീസ് ഉപകരണം, ഫർണിച്ചർ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങണമെന്ന് പ്രൊക്യൂർമെന്റ് മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് [ഖ.2.3.(e)]. സമാനമായ വാങ്ങൽ പ്രോജക്ടുകൾ ഒറ്റ പ്രോജക്ടായി ആവിഷ്കരിക്കാതെ പല പ്രോജക്ടുകളായാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഉദാഹരണമായി, അസിസ്റ്റന്റ് സെക്രട്ടറിയും ഐ.സി.ഡി.എസ് സൂപ്പർവൈസറും കട്ടിൽ വിതരണത്തിനായി നാല് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ഒറ്റ ടെണ്ടർ നടപടിയിലൂടെ വാങ്ങൽ നടത്താമെന്നിരിക്കെ ഓരോ പ്രോജക്ടിനും വെവ്വേറ ടെണ്ടർ ക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. തന്മൂലം പരസ്യ പ്രസിദ്ധീകരണത്തിന് ഗണ്യമായ തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്.

3) പ്രസക്തമായ സവിശേഷതകളോടുകൂടിയും പ്രകടന ആവശ്യകതയെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം സ്പെസിഫിക്കേഷനുകൾ എന്ന് പ്രൊക്യൂർമെന്റ് മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് (ഖ.5.1). 2013-ലെ സ്റ്റോഴ്സ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 4.3 പ്രകാരം സ്പെസിഫിക്കേഷനുകളും സാങ്കേതിക വിശദാംശങ്ങളും വ്യക്തമായി രേഖപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, വാങ്ങുന്ന സാധനങ്ങളുടെ വിശദാംശങ്ങൾ, എണ്ണം, തരം, ഇനം, സ്പെസിഫിക്കേഷൻ തുടങ്ങിയ വിവരങ്ങൾ പ്രോജക്ട് റിപ്പോർട്ടിലും ടെണ്ടറിലും

രേഖപ്പെടുത്തിയിട്ടില്ല.

4) 2013-ലെ സ്റ്റോഴ്സ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 4.3-ൽ വാങ്ങാൻ ഉദ്ദേശിക്കുന്ന സ്റ്റോറുകളുടെ വിവരണങ്ങൾ എല്ലാ പ്രധാന സവിശേഷതകളും ഉൾക്കൊള്ളുന്നതും ആവശ്യകതകളെക്കുറിച്ച് ടെൻഡർ സമർപ്പിക്കുന്നവർക്ക് ആശയം പ്രദാനം ചെയ്യുന്നതും ആയിരിക്കണം. സ്റ്റോറിന്റെ സ്പെസിഫിക്കേഷൻ, എണ്ണം തുടങ്ങിയ വിവരങ്ങൾ ടെണ്ടർ നോട്ടീസിൽ കൃത്യമായും രേഖപ്പെടുത്തണം. എന്നാൽ, മേൽ നിബന്ധനകൾ പാലിക്കാതെയാണ് പഞ്ചായത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. സാധനങ്ങൾ വാങ്ങുന്നതിന് ക്ഷണിച്ച ടെണ്ടറുകളിൽ അടങ്കൽ തുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആവശ്യമുള്ള സാധനങ്ങളുടെ വിശദാംശങ്ങൾ, തരം, എണ്ണം, സ്പെസിഫിക്കേഷനുകൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൃത്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താത്തത് കാരണം പല വിലയും ഗുണമേന്മയുമുള്ള സാധനങ്ങൾ വാങ്ങുന്നതിന് കാരണമായിട്ടുണ്ട്. വാങ്ങുന്ന സാധനത്തിന്റെ ഗുണനിലവാരത്തെ ഇത് പ്രതികൂലമായി ബാധിക്കുന്നതാകയാൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് സാധനങ്ങൾ വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-20 മാലിന്യ സംസ്കരണത്തിലെ അശാസ്ത്രീയത

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നുള്ള മാലിന്യം ശേഖരിച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ സംസ്കരിക്കുന്നതിന് ശ്രീ. മനോജ് പി. എൻ. എന്ന വ്യക്തിയുമായി ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്. പ്രതിദിനം ₹2,778/- നിരക്കിലാണ് പ്രതിഫലം നിശ്ചയിച്ചിരുന്നത്. ചെറുതോണി, കരിമ്പൻ, തടിയമ്പാട്, വാഴത്തോപ്പ്-പള്ളിത്താഴെ, പൈനാവ്, വഞ്ചിക്കവല, അശോകക്കവല, ചെറുതോണി എൽ.ഐ.സി. ജങ്ഷൻ, ആലിൻചുവട്, വാഴത്തോപ്പ്-പള്ളിക്കവല, വെള്ളക്കയം, ചെറുതോണി, പാറമട, പാറേമാവ്, ഗാന്ധിനഗർ കോളനി, വ്യവസായ ഓഫീസ് എന്നീ സ്ഥലങ്ങളിലെ മാലിന്യം ശേഖരിച്ച് മാലിന്യ പ്ലാന്റിൽ കൊണ്ടുപോയി സംസ്കരിച്ചിട്ടുള്ളതാണെന്ന മോണിറ്ററിംഗ് സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അസി. എഞ്ചിനിയർ, വാർഡ് മെമ്പർ എന്നിവരുടെ സാക്ഷ്യപ്പെടുത്തലോടെ തൻവർഷം ആകെ ₹1,03,970/- കരാറുകാരന് നൽകിയിട്ടുണ്ട്. ഇടുക്കി മെഡിക്കൽ കോളേജിന് സമീപത്തായി സ്ഥിതി ചെയ്യുന്ന മാലിന്യ പ്ലാന്റിൽ പരിശോധന നടത്തിയതിൽ, ശേഖരിച്ച മാലിന്യങ്ങൾ കത്തിച്ചിരിക്കുന്നതായും സമീപ പ്രദേശങ്ങളിൽ അലക്ഷ്യമായി വലിച്ചെറിഞ്ഞിരിക്കുന്നതായും കാണപ്പെട്ടു. ഇപ്രകാരം കുമിഞ്ഞുകൂടിയ മാലിന്യത്തിൽ നിന്നുള്ള മലിന ജലം മഴക്കാലത്ത് ഒലിച്ചിറങ്ങി പെരിയാറിലേയ്ക്കാണെത്തുന്നത്. ഇത് പെരിയാർ മലിനപ്പെടുന്നതിന് കാരണമാവുന്നു. പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന രീതിയിലുള്ള അശാസ്ത്രീയ മാലിന്യ സംസ്കരണം കർശനമായി ഒഴിവാക്കേണ്ടതാണ്. ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് വിജയകരമെന്ന് തെളിയിക്കപ്പെട്ട മാതൃകകൾ സ്വീകരിക്കാവുന്നതാണ്.

വ്യാപാര സ്ഥാപനങ്ങളിലേതുൾപ്പെടയുള്ള മാലിന്യം ശേഖരിക്കുന്നത് യാതൊരുവിധ യൂസർ ഫീസും ഇല്ലാതെയാണ്. ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം ഊർജ്ജിതമായി നടക്കുന്നതിന്

പുറമെയാണ് കരാറുകാരൻ മുഖേനയുള്ള മാലിന്യ നീക്കത്തിനും പണം ചെലവഴിക്കുന്നത്.

സർക്കാർ ഉത്തരവ് (സാധാ)നം.2420/20217/ത.സ്വ.ഭ.വ. തീയതി. 15-7-2017 പ്രകാരം മാലിന്യ സംസ്കരണം സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സ്ഥല സൗകര്യമുള്ള കച്ചവട സ്ഥാപനങ്ങൾ മാലിന്യത്തിന്റെ അളവിനനുസരിച്ചുള്ള ബയോഗ്യാസ് പ്ലാന്റുകളോ, എയറോബിനുകളോ സ്ഥാപിക്കണമെന്നും സൗകര്യമില്ലാത്ത സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മസേന യൂസർ ഫീസ് ഈടാക്കി അവ ശേഖരിച്ച് പൊതു സംവിധാനത്തിൽ എത്തിച്ച് സംസ്കരിക്കണമെന്നുമാണ് നിർദ്ദേശമുള്ളത്. ഈ നിർദ്ദേശങ്ങളൊന്നും പാലിക്കാതയാണ് ഗ്രാമപഞ്ചായത്ത് മേൽ പരമാർശിച്ച രീതിയിൽ മാലിന്യ സംസ്കരണം നടത്തുന്നത്.

യൂസർ ഫീസ് ഒഴിവാക്കി ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും മാലിന്യം ശേഖരിച്ച് പ്ലാന്റിൽ നിക്ഷേപിക്കുന്നതിന് പണം ചെലവഴിക്കുന്നത് ഉചിതമല്ല. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മസേന മുഖേന യൂസർ ഫീസ് ഈടാക്കി മാലിന്യങ്ങൾ ശേഖരിക്കുന്നതിനും അത്തരത്തിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്കരണ കേന്ദ്രത്തിലെത്തിക്കുന്നതിന് വാഹനമടക്കമുള്ള സഹായങ്ങൾ നൽകേണ്ടതും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. മാലിന്യ സംസ്കരണം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-21 ടെണ്ടർ കുറവ് പരിഗണിക്കാതെ കരാറുകാരന് അധികം തുക നൽകി

തടിയമ്പാട് കമ്മ്യൂണിറ്റി ഹാൾ പുതുതായി നിർമ്മിക്കുന്നതിന് തയ്യാറാക്കിയതാണ് പ്രസ്തുത പ്രോജക്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	105/21-22
അടങ്കൽ	₹40,00,000/- (3243000-വികസന ഫണ്ട് 757000-ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
കരാറുകാരൻ	ശ്രീ. ഷൈൻ ടി ജോസഫ്
ആകെ ചെലവ്	₹3040986/-
എം. ബുക്ക് നമ്പർ	409/20-21 410/20-21
പി.എ.സി.	₹2715165/- (0.28% കുറവ്)
കരാർ നം.	45/AE/LSGD/2020-21, Dt. 13.10.2020

എസ്റ്റിമേറ്റിലെ വിവരങ്ങൾ

സിവിൽ പ്രവൃത്തി	₹2722582.88
ജി.എസ്.ടി	₹422709.95
മറ്റുള്ളവ	₹54707.17

എസ്റ്റിമേറ്റ് തുകയേക്കാൾ 0.28% കുറഞ്ഞ നിരക്കിലാണ് കരാറുകാരൻ ടെണ്ടർ നൽകിയത്. നിർവ്വഹണ വേളയിൽ ആദ്യ എസ്റ്റിമേറ്റിൽ 22 ഇനങ്ങൾ അധികമായി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കി. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ അധിക ഇനത്തിന് (Extra Item) സർക്കാർ ഉത്തരവ് പ്രകാരം കരാറുകാരൻ ക്വോട്ട് ചെയ്ത 0.28% കുറവുള്ള തുക മാത്രമേ അനുവദിക്കുവാൻ പാടുള്ളൂ. അധികമായി ചെയ്ത 22 ഇനങ്ങൾക്ക് 0.28% ടെണ്ടർ കുറവ് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്ക് അനുവദിച്ചത് മൂലം കരാറുകാരന് അധിക തുക നൽകി. വിശദാംശം ചുവടെ ചേർക്കുന്നു.

സിവിൽ പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് നിരക്ക്	₹2722582.88
PAC	₹2715165
അധിക ഇനങ്ങൾക്കായി ചെലവഴിച്ച തുക	₹1311695.45
ടെണ്ടർ കുറവ്	0.28%
അധികം നൽകിയ തുക +12% GST=440.72	₹3672.74
ആകെ	₹4113.46

അധിക ഇനങ്ങൾക്ക് ടെണ്ടർ കുറവ് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്ക് നൽകിയത് മൂലം കരാറുകാരന് അധികമായി ₹4,113/- അനുവദിച്ചിട്ടുണ്ട്. അധികം നൽകിയ തുക ₹4,113/- ഉത്തരവാദികളായ അസി. എഞ്ചിനീയർ, മേൽ പരിശോധന നടത്തിയ അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി(നം.5/20.10.2022)യെ തുടർന്ന് KL019519737202222m/തീ. 27.10.2022 ചെലാൻ പ്രകാരം തുക അടവാക്കിയിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-22 നിർവ്വഹിക്കാത്ത/സ്ഥാപിക്കാത്ത ഇനങ്ങൾ എം. ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചു

മരുതുപാറത്തണ്ട് കുടിവെള്ള പദ്ധതിയ്ക്കായി 320 മീറ്റർ നീളത്തിൽ 63mm HDPE പൈപ്പ് ഉപയോഗിച്ച് പമ്പിംഗ് മെയിനും 10 എച്ച്.പി മോട്ടോറും സ്ഥാപിക്കുന്നതിന് തയ്യാറാക്കിയതാണ് പ്രസ്തുത പ്രോജക്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ/പേര്	128/21-22 -മരുതുപാറത്തണ്ട് കുടിവെള്ള പദ്ധതി
അടങ്കൽ	₹500000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
കരാറുകാരൻ	ശ്രീ. ബിജു വർഗ്ഗീസ്
ആകെ ചെലവ്	₹494549/-
എം. ബുക്ക് നമ്പർ	325/21-22

കരാർ നം.	37/AE/LSGD/VZP/2020-21, Dt. 21.2.2022

പദ്ധതിക്ക് വേണ്ടി 63mm HDPE പൈപ്പ് സ്ഥാപിച്ചതിന് ട്രെഞ്ചിംഗ് ചെലവുകൾ കൂടി ഉൾപ്പെടുത്തിയ 2021-22ലെ OBSERVED DATA പ്രകാരമുള്ള നിരക്കാണ് അനുവദിച്ചത് (Od1411299/21-22). എന്നാൽ അസി. എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ പദ്ധതി പ്രദേശങ്ങൾ നേരിൽ പരിശോധിച്ചതിൽ, ട്രെഞ്ചിംഗ് നടത്താതെയാണ് സ്ഥാപിച്ചിരിക്കുന്നതെന്ന് കാണുകയുണ്ടായി. ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥ രേഖാമൂലം അംഗീകരിച്ചിട്ടുള്ളതാണ് (സ്ഥല പരിശോധന റിപ്പോർട്ട് തീ. 20.10.2022). എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ട്രെഞ്ചിംഗ് പ്രവൃത്തി നടത്താതിരുന്നിട്ടും അതിനുള്ള നിരക്ക് കുറവ് ചെയ്യാതെ കരാറുകാരന് പ്രതിഫലം നൽകുക വഴി അധിക ചെലവ് സംഭവിച്ചതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ട്രെഞ്ചിംഗ് നടത്താതെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനു ബാധകമായ നിരക്ക്

ഇനം	63-mm HDPE പൈപ്പ് ₹
Od1411299/21-22 പ്രകാരം 10 മീറ്ററിന് ട്രെഞ്ചിംഗ് ഉൾപ്പടെയുള്ള അടിസ്ഥാന നിരക്ക്	3332.24
ഡേറ്റയിൽ പരിഗണിച്ചിട്ടുള്ള ട്രെഞ്ചിംഗ്/റീഫില്ലിംഗിന്റെ കൂലി നിരക്ക്	242.88
10 മീറ്റർ-നുള്ള നിരക്ക്	3089.36
1 മീറ്റർ-നുള്ള നിരക്ക്	308.94
1% വാട്ടർ ചാർജ്	3.08
15% CPOH	46.8
പ്രവൃത്തികൾക്ക് ബാധകമായ കോസ്റ്റ് ഇൻഡക്സ്(48.71%)	11.28
1 മീറ്ററിന് ബാധകമായ നിരക്ക് (ട്രെഞ്ചിംഗ് കൂടാതെ)	370.10
എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നൽകിയ നിരക്ക് (ട്രെഞ്ചിംഗ് ഉൾപ്പടെ)	412.05
1 മീറ്ററിന് അധികം നൽകിയ തുക	41.95
അളവ് ബുക്ക് പ്രകാരമുള്ള അളവ്	320 മീറ്റർ
ആകെ അധികം നൽകിയ തുക	13424 (320 X 41.95) +12% GST=1610.88 =15035

യഥാർത്ഥത്തിൽ ചെയ്യാത്ത ഇനം നിർവ്വഹിച്ചതായി എം. ബുക്കിൽ രേഖപ്പെടുത്തുന്നത് നിർവ്വഹണ ഉദ്യോഗസ്ഥയെന്ന നിലയിൽ അസി. എഞ്ചിനീയറുടെ ഭാഗത്ത് നിന്നുള്ള ഗൗരവമേറിയ വീഴ്ചയാണ്. അളവുകളുടെ ഉപരി പരിശോധന നടത്തിയ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭാഗത്തും വീഴ്ചയുണ്ട്.

അധികം നൽകിയ തുക ₹15,035/- ഉത്തരവാദികളായ അസി. എഞ്ചിനീയർ, ഉപരി പരിശോധന നടത്തിയ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി(നം.8/20.10.2022)യെ തുടർന്ന് KL019519424202223m/തീ. 27.10.2022 ചെലാൻ പ്രകാരം തുക അടവ് വരുത്തിയിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-23 പ്രോജക്ട് ആസൂത്രണത്തിൽ ഏകോപനമില്ല - പദ്ധതി ഉപേക്ഷിച്ച അവസ്ഥയിൽ

ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച താഴെപ്പറയുന്ന പ്രോജക്ടുകൾക്കായി തൻവർഷം ഇക ചെലവഴിച്ചിട്ടുണ്ടെങ്കിലും അവ ലക്ഷ്യം കൈവരിച്ചിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

1. പൈനാവ് കംഫർട്ട് സ്റ്റേഷൻ

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി. എഞ്ചിനീയർ	
പ്രോജക്ട്/നം.	പൈനാവ് കംഫർട്ട് സ്റ്റേഷൻ 104/2021-22	
കരാറുകാരൻ	ശ്രീ. സുരേഷ് കെ. ആർ	
കരാർ നം.	2/AE/LSGD/VZP/21-22/തീയതി. 25.06.2021	
അളവ് ബുക്ക്	28/AE/2020-21	
പദ്ധതി അടങ്കൽ	₹20,80,000/- ₹180000/- സംസ്ഥാനാവിഷ്കൃത വിഹിതം ₹900000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ₹1000000/-(തനത് ഫണ്ട്)	
പദ്ധതി ചെലവ്	സംസ്ഥാനാവിഷ്കൃത വിഹിതം	₹180000/-
	തനത് ഫണ്ട്	₹997800/-
	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	₹900000/-
	ആകെ	₹2077800/-

2. ടേക്ക്-എ-ബ്രേക്ക് – പൈനാവ് കംഫർട്ട് സ്റ്റേഷൻ

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി. എഞ്ചിനീയർ
പ്രോജക്ട്/നം.	ടേക്ക്-എ-ബ്രേക്ക്-പൈനാവ് കംഫർട്ട് സ്റ്റേഷൻ 229/2021-22
കരാറുകാരൻ	ശ്രീ. സുരേഷ് കെ. ആർ
കരാർ നം.	38/AE/LSGD/VZP/21-22/തീയതി. 23.02.2022
അളവ് ബുക്ക്	320/2021-22, 356/2021-22
പദ്ധതി അടങ്കൽ	₹16,63,600/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
പദ്ധതി ചെലവ്	₹14,62,368/-

₹37,43,600/- വകയിരുത്തി കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിനാണ് പ്രസ്തുത പ്രോജക്ടുകളിലൂടെ വിഭാവനം ചെയ്തത്. പ്രോജക്ടിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തീകരിച്ചതിന് തൻവർഷം ₹35,40,168/- ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ശുചിത്വ സമുച്ചയ നിർമ്മാണം ഭാഗികമായാണ് പൂർത്തീകരിച്ചിട്ടുള്ളത്. ക്രമ നം.2ലെ പ്രോജക്ട് പ്രകാരം വൈദ്യുതീകരണത്തിനായി ₹1,45,000/-യും ജല ലഭ്യതക്കായി ₹32,000/-യും വകയിരുത്തിയിരുന്നുവെങ്കിലും ആയവ നാളിതുവരെ ലഭ്യമാക്കുകയോ കെട്ടിടം പ്രവർത്തക്ഷമമാക്കുകയോ ചെയ്തിട്ടില്ല.

2. കെട്ടിടത്തിന്റെ പിൻഭാഗത്തുള്ള വലിയ മൺതിട്ട കെട്ടിടത്തിന് ഭീഷണിയാണ്. കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ് മണ്ണിന്റെ ഘടന സംബന്ധിച്ച സാങ്കേതികമായ പഠനം നടത്തിയതായ യാതൊരു രേഖയും സൂക്ഷിച്ചിട്ടില്ല. മുൻ പ്രളയകാലത്ത് പ്രസ്തുത സ്ഥലത്ത് മണ്ണിടിച്ചിലുൾപ്പെടെ ഏറെ നാശനഷ്ടം സംഭവിച്ചിരുന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മൂന്ന് നിലകളിലായി പണിതിട്ടുള്ള ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ലക്ഷങ്ങൾ ചെലവഴിച്ചുവെങ്കിലും ഒന്നാം നിലയുടെ പണികൾ പോലും പൂർത്തികരിച്ചിട്ടില്ല.

3. 29.01.2018-ലെ സ.ഉ(കൈ)നം.11/2018/തസ്വഭവ. പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയും 2012-ലെ പരിഷ്കരിച്ച പൊതുമരാമത്ത് മാന്വലിന്റെ സെക്ഷൻ 2302.1, 2301.2 എന്നിവയും അനുസരിച്ച് പ്ലമ്പിംഗ്, വയറിംഗ് ഉൾപ്പെടെ പൂർണ്ണമായ ഇനങ്ങൾ ഉൾപ്പെടുത്തി വേണം കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ കെട്ടിടം പൂർത്തീകരിക്കുന്നതിന് പര്യാപ്തമായ ഇനങ്ങൾ ഉൾപ്പെടുത്താതെ ഭാഗികമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുകയും പൂർത്തീകരണത്തിനായി തുർന്നുള്ള വർഷം പദ്ധതി ആവിഷ്കരിക്കാതെ പദ്ധതി ഉപേക്ഷിക്കുകയും ചെയ്തത് മൂലം ലക്ഷങ്ങൾ പാഴ്ചെലവായി മാറിയിരിക്കുന്നു. പദ്ധതി രൂപീകരണത്തിനും മോണിറ്ററിംഗിനും ബാദ്ധ്യസ്ഥമായ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും ഇത് സംബന്ധിച്ച് സമയാസമയങ്ങളിൽ യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല.

പദ്ധതി പൂർത്തീകരിക്കുന്നതിനും ലക്ഷ്യം കൈവരിക്കുന്നതിനും ഉപയുക്തമായ രീതിയിൽ തുടർന്നുള്ള വർഷം പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ലാത്തതിനാലും കെട്ടിടം പ്രയോജനരഹിതമായി പരിണമിച്ചിരിക്കുന്നു. പൂരകമായ പ്രോജക്ടുകൾ ആവിഷ്കരിച്ച് പദ്ധതി പ്രവൃത്തിപഥത്തിലെത്തിക്കാൻ നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ സജീവ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-24 ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല

തൻവർഷം അസിസ്റ്റന്റ് എൻജിനീയർ 73 പദ്ധതികൾ ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കിയത്. ആയതിന്റെ ടെണ്ടർ ഫീസായ ₹1,22,689/- ഇടുക്കി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. പ്രസ്തുത തുക തിരികെ ലഭിക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയർ കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ തുക ലഭിച്ചിട്ടില്ല. തുക ലഭിക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

1-25 DSR സ്പെസിഫിക്കേഷനുകൾ സമഗ്രമായി വിലയിരുത്താതെ എസ്റ്റിമേറ്റിൽ ഇനങ്ങൾ ഉൾപ്പെടുത്തുന്നു

എ) അസി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ കെട്ടിട നിർമ്മാണ പ്രോജക്ടുകളിൽ സ്റ്റീൽ ഉപയോഗിച്ചുള്ള ഇനങ്ങളായ Hand Rail, Gates, Grill എന്നിവയ്ക്ക് 2016 Price-ലെ 50.10.1 സ്പെസിഫിക്കേഷൻ

പ്രകാരമുള്ള Gl Tube Trusses-ന്റെ ഇനമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും അനുവദിക്കുകയും ചെയ്തിരിക്കുന്നത് (Steel Work In Built Up Gl Tubular (Round.square Or Rectangular Hollow Tubes Etc) Trusses Etc., Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer, Including Welding And Bolted With Special Shaped Washers Etc., Complete) ഈ ഇനത്തിന്റെ നിരക്ക് ₹148.71/കി.ഗ്രാം ആണ് (കോസ്റ്റ് ഇൻഡക്സ്-48.71%).

എന്നാൽ പ്രസ്തുത Hand Rail, Gates,Grill എന്നിവയ്ക്ക് M.S Tube-ന്റെ ഗണത്തിൽ ഉൾപ്പെടുത്തി നൽകാവുന്ന സ്പെസിഫിക്കേഷൻ PRICE-ൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് Hand Rail-ന് 10.26.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത് (Providing And Fixing Hand Rail Of Approved Size By Welding Etc. To Steel Ladder Railing, Balcony Railing, Staircase Railing And Similar Works, Including Applying Priming Coat Of Approves Steel Primer.)ഈ ഇനത്തിന്റെ നിരക്ക് ₹136.88/കി.ഗ്രാം മാത്രമാണ് (കോസ്റ്റ് ഇൻഡക്സ്-48.71%)

Gates,Grill എന്നിവയ്ക്ക് 10.25.2 സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത് (In Gratings, Frames, Guard Bar, Ladder, Railings, Brackets, Gates And Similar Works) ഈ ഇനത്തിന്റെ നിരക്ക് ₹127.81/കി.ഗ്രാമും. (കോസ്റ്റ് ഇൻഡക്സ്-48.71%)

ബി) Hand Rail, Gates, Grill എന്നിവയ്ക്ക് അനുവദനീയമായ നിരക്കുകൾ ചുവടെ ചേർക്കുന്നു.

ഇനം	അനുവദിച്ച നിരക്ക് ₹ 50.10.1	അനുവദിക്കാവുന്ന നിരക്ക് ₹	അധികമായി നൽകപ്പെടുന്ന നിരക്ക് ₹
Hand Rail	148.71/കി.ഗ്രാം	136.88/കി.ഗ്രാം (10.26.1)	11.83/കി.ഗ്രാം
Gates,Grill	148.71/കി.ഗ്രാം	₹127.81/കി.ഗ്രാം (10.25.2)	20.90/കി.ഗ്രാം

ഇനങ്ങൾക്ക് DSR-ൽ നിഷ്കർഷിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർവ്വഹിക്കാത്തത് മൂലം വൻ സാമ്പത്തിക നഷ്ടമാണ് സംഭവിക്കുന്നത്. കൃത്യമായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതികൾ നടപ്പാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-26 മരുന്ന് വാങ്ങൽ പ്രോജക്ടുകൾ - വിതരണ ഏജൻസികൾ ഔഷധങ്ങൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിന് ഔഷധി, ഹോംകോ എന്നീ സ്ഥാപനങ്ങൾക്ക് തുക കൈമാറിയെങ്കിലും നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് നം., പേര്	നിർവ്വഹണ ഏജൻസി	കൈമാറിയ തുക ₹	കൈമാറ്റ വിശദാംശങ്ങൾ	വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം	ക്രമീകരിക്കാൻ ശേഷിക്കുന്ന തുക ₹

മെഡിക്കൽ ഓഫീസർ (ഹോമിയോ) എസ്.259/22 ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ	ഹോംകോ ആലപ്പുഴ	100000	NEFT മുഖേന സ്ഥാപനത്തിന് എസ്.ബി.ഐ ആലപ്പുഴ കൈച്ചൂണ്ടി ശാഖയിലുള്ള 34306403911 നമ്പർ അക്കൗണ്ടിലേക്ക് 22.01.2022-ൽ ട്രാൻസ്ഫർ ചെയ്തു.	37808	62192
മെഡിക്കൽ ഓഫീസർ (ആയുർവേദം) എസ്.238/22 ഗവ. ആയുർവേദ മൊബൈൽ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ	ഔഷധി തൃശ്ശൂർ	100000	NEFT മുഖേന സ്ഥാപനത്തിന് പഞ്ചാബ് നാഷണൽ ബാങ്ക് കുട്ടനല്ലൂർ ശാഖയിലുള്ള 5913005900000015 നമ്പർ അക്കൗണ്ടിലേക്ക് 26.03.2022-ൽ ട്രാൻസ്ഫർ ചെയ്തു.	89813	10187
മെഡിക്കൽ ഓഫീസർ (ആയുർവേദം) എസ്.063/22 ഗവ. ആയുർവേദ മൊബൈൽ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ	---ടി---	200000	NEFT മുഖേന സ്ഥാപനത്തിന് പഞ്ചാബ് നാഷണൽ ബാങ്ക് കുട്ടനല്ലൂർ ശാഖയിലുള്ള 5913005900000015 നമ്പർ അക്കൗണ്ടിലേക്ക് 30.03.2022-ൽ ട്രാൻസ്ഫർ ചെയ്തു.	116314	33686
ആകെ					106065

ആവശ്യപ്പെട്ടിരുന്ന ഔഷധങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-27 നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ വിവരങ്ങളില്ല

ഗ്രാമപഞ്ചായത്ത് തൻവർഷ പദ്ധതിയിൽ ഉൾപ്പെടുത്തി 15 കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ കേരള ജല അതോറിറ്റി തൊടുപുഴ പി.എച്ച്. ഡിവിഷൻ മുഖേന സ്ഥാപിക്കുന്നതിന് തുക കൈമാറിയിരുന്നു. ഇവയിൽ നാലെണ്ണം മാത്രമാണ് പൂർത്തിയായതായി അറിയിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പദ്ധതിയുടെ പേര്	നിർവ്വഹണ ഏജൻസി	ബിൽ നമ്പർ	തുക ₹	ചെലവഴിച്ച തുക ₹	പൂർത്തീകരിച്ച വിവരം	ബാക്കി തുക ₹
1	പ്രോജക്ട് നം. 162/22 കേശമുനി കമ്മ്യൂണിറ്റി ഹാൾ കുടിവെള്ള പദ്ധതി വാട്ടർ കണക്ഷൻ	കേരള വാട്ടർ അതോറിറ്റി തൊടുപുഴ പി.എച്ച്. ഡിവിഷൻ	21100652010801158115/ തീ.19.02.2022	34000	വിശദ വിവരം ലഭ്യമല്ല	വിശദ വിവരം ലഭ്യമല്ല	വിശദ വിവരം ലഭ്യമല്ല
2	പ്രോജക്ട്നം. 140/22 കേശമുനി പാലിയത്ത് പടി കുടിവെള്ള പദ്ധതി		വൗച്ചർ നം. XVFC 2021-22/ P/5/10.12.2021	500000	483792	പൂർത്തീകരിച്ചു	₹16208/- തിരികെ ലഭിച്ചു

3	പ്രോജക്ട്നം. 168/22 കൊച്ചുപൈനാവ് IHDPകുടിവെള്ള പദ്ധതി	21100652010801158117/ തീ.19.02.2022	517860	വിശദ വിവരം ലഭ്യമല്ല	വിശദ വിവരം ലഭ്യമല്ല	വിശദ വിവരം ലഭ്യമല്ല
4	പ്രോജക്ട്നം. 212/22 കരിമ്പൻ കംഫർട്ട് സ്റ്റേഷൻ സാംസ്കാരിക നിലയം അംഗൻവാടി കുടിവെള്ള പദ്ധതി	21100652010801000441/ തീ.24.01.2022	217000	204649	പൂർത്തീകരിച്ചു	₹12351/- തിരികെ ലഭിച്ചു
5	പ്രോജക്ട്നം. 219/22 ഞാവൽച്ചുവട് ഗ്യാസ് ഏജൻസി കുടിവെള്ള പദ്ധതി	വൗച്ചർ നം. XVFC 2021-22/ P/7/10.03.2022	250000	വിശദ വിവരം ലഭ്യമല്ല	വിശദ വിവരം ലഭ്യമല്ല	വിശദ വിവരം ലഭ്യമല്ല
6	പ്രോജക്ട്നം. 160/22 മുളകുവള്ളി മഠം ഭാഗം പൈപ്പ് ലൈൻ നീട്ടൽ	21100652010800650991/ തീ.15.11.2021	350000	342136	പൂർത്തീകരിച്ചു	7864
7	പ്രോജക്ട്നം. 255/22 സ്കൂൾസിറ്റി ഹൗസിംഗ് കോളനി റോഡ് കുടിവെള്ള പദ്ധതി	വൗച്ചർ നം. XVFC 2021-22/ P/34/31.03.2022	350000	വിശദ വിവരം ലഭ്യമല്ല	വിശദ വിവരം ലഭ്യമല്ല	വിശദ വിവരം ലഭ്യമല്ല
8	പ്രോജക്ട്നം. 256/22 മുല്ലക്കാനം-കണിയാംകുടി കോളനി കുടിവെള്ള പദ്ധതി	വൗച്ചർ നം. XVFC 2021-22/ P/33/31.03.2022	350000	വിശദ വിവരം ലഭ്യമല്ല	വിശദ വിവരം ലഭ്യമല്ല	വിശദ വിവരം ലഭ്യമല്ല
